മാനന്തവാടിതാലൂക്കിൽ 621 പേരെമാററിപ്പാപ്പിച്ചു

മാനന്തവാടി: പനമരം—മാനന്തവാടി പുഴകളിൽ വെള്ളം കയറിയതിനെത്തുടർന്ന് മാനന്തവാടി താലൂക്കിൽ 621 പേരെ മാററിപ്പാർപ്പിച്ചു.

പനമരം പഞ്ചായത്തിലെ അഞ്ചുകുന്നിൽ 47 കുടുംബങ്ങളേയും നീരട്ടാടി, പനമരം പാലത്തിന്നു സമീപം എന്നിവിടങ്ങളിൽ 50 കുടുംബങ്ങളേയും എടവക പഞ്ചായത്തിൽ പാണ്ടിക്കടവ് ഭാഗത്ത് 14 കുടുംബങ്ങളേയും അടുത്തുള്ള വീടുകളിലേക്കു മററു മാററിത്താമസിപ്പിച്ചു. പനമരം—നടവയൽ റോഡിന്നു സമീപത്തു നിന്നു 28 കുടുംബങ്ങളെ പനമരം ഗവ. ഹൈസ്കൂളിന്നു സമീപം സർക്കാർ രവക രക്ഷാ കേന്ദ്രത്തിലേക്കും മാനന്തവാടി പയ്യമ്പള്ളി വില്ലേജുകളിൽ നിന്നു 15 കുടുംബങ്ങളെ വള്ളിയൂർക്കാവ് നെഹ്റു മെമ്മോറിയൽ യു. പി. സ്കൂളിലേക്കും തൊട്ടടുത്ത റൈസ് മില്ലിലേക്കും മാററി പാർപ്പിക്കുകയുണ്ടായി.

വീടുകൾ ഒഴിഞ്ഞ് മാററി താമസിപ്പിച്ചവർക്കെല്ലാം സൗജന്യറേഷൻ നൽകാൻ നടപടി എടുത്തതായി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഡെപ്യൂട്ടി താസിൽദാർ ഇ. സി. മാത്യു 'മാതൃഭൂമി'യോടു പറഞ്ഞു.

എടവക പഞ്ചായത്തിൽ പെട്ട നല്ലൂർനാട് പുലിക്കാട് ചുണ്ട മൊക്കൽ കമ്മരി എന്നാളെ വീടു വീണ പരിക്കോടെ മാനന്തവാടി ഗവ. ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

വീട്ടിലെ മററുള്ളവർ പരിക്കൊന്നും കൂടാതെ രക്ഷപ്പെട്ടു.

കനത്ത കാററും മഴയും കാരണം മാനന്തവാടി താലൂക്കിൽ 8 വീടുകൾ പൂർണ്ണമായും 12 വീടുകൾ ഭാഗികമായും വീഴുകയുണ്ടായി.

നല്ലൂർനാട്ടിൽ ഒരു വീടും, എടവകയിൽ 5 വീടും മാനന്തവാടിയിൽ രണ്ടു വീടും മുഴുവനായും തകർന്നു. എടവകയിൽ 9ഉം, തിരുനെല്ലിയിൽ 3ഉം വീടുകളാണ് ഭാഗികമായി തകർന്നത്.

മഴ വ്യാഴാഴ്ച മുതൽ കുറഞ്ഞിട്ടുണ്ട്. വെള്ളം കുറേശ്ശ ഇറങ്ങിത്തുടങ്ങി.

ഇന്ത്യാ പോപ്പുലേഷൻ പ്രോജക്ടിന്റെ കീഴിൽ പുറക്കാടി പഞ്ചായത്തിലെ അപ്പാട്ട് ആരംഭിച്ച ഹെൽത്ത് സബ്സെൻറർ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ എം. എൽ. എ. ഉദ്ഘാടനം ചെയ്യുന്നു

ലോക്കപ്പ് മർദ്ദനം: വിചാരണ തുടങ്ങി

മലപ്പുറം: തന്നെ ലോക്കപ്പിലിട്ടു മർദ്ദിച്ചവശനാക്കിയ പൊലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടിയെടുക്കണമെന്നഭ്യർത്ഥിച്ചു ബി.ജെ.പി. ജില്ലാ കമ്മിററി അംഗവും മണ്ഡലം പ്രസിഡണ്ടുമായ അരിയല്ലൂരിലെ എം. പി. പുഷ്പരാജൻ സമർപ്പിച്ച അന്യായം വെള്ളിയാഴ്ച തിരൂർ ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട് കോടതിയിൽ വിചാരണ ആരംഭിച്ചു.

തിരൂരങ്ങാടി സി. എ. ആയിരുന്ന മാത്യു പോളികാർപ്പ്, പരപ്പനങ്ങാടി എസ്. ഐ. കരുണാകരൻ, എ. എസ്. ഐ. ഗംഗാധരൻനായർ, കോൺസ്റ്റബിൾമാരായ അബൂബക്കർ ശ്രീധരൻ, മോഹൻദാസ് എന്നിവരാണ് കേസ്സിലെ പ്രതികൾ.

കൊപ്രവില 1500ക. ആവുംവരെ സംഭരണം

ആലപ്പുഴ: ക്വിൻറലിന്നു 1500ക. ആവും വരെ സഹകരണ വിപണന ഫെഡറേഷൻ കൊപ്ര സംഭരണം തുടരും. കൊപ്ര സംഭരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മുഖ്യമന്ത്രി കെ. കരുണാകരൻ അറിയിച്ചതാണ് ഇക്കാര്യം.

നാളികേരത്തിന്നു താങ്ങുവില വേണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്രം പരിഗണിച്ചുവരുകയാണ്. ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട്. താങ്ങുവില നിശ്ചയിച്ചു കിട്ടും വരെ കേരളാ ഗവർമ്മെണ്ടിന്നു വിശ്രമമില്ലെന്നു മുഖ്യമന്ത്രി പറഞ്ഞു.

1210ക. നിരക്കിൽ കൊപ്ര വാങ്ങിക്കൊണ്ടാണ് മുഖ്യമന്ത്രി സംഭരണോൽഘാടനം നിർവഹിച്ചത്. കൃഷിവകുപ്പ മന്ത്രി എ. എൽ. ജേക്കബ്ബ് അദ്ധ്യക്ഷതവഹിച്ചു.

കാൻഫെഡ് എട്ടാം വാർഷികം ആരംഭിച്ചു

കണ്ണൂർ: കേരള അനൗപചാരിക വിദ്യാഭ്യാസ സമിതി (കാൻഫെഡ്) എട്ടാം വാർഷികം വെള്ളിയാഴ്ച വൈകീട്ട് ഇവിടെ ടൗൺഹാളിൽ ആരംഭിച്ചു. ത്രിദിന സമ്മേളനം പി. ടി. ഭാസ്ക്കരപണിക്കരുടെ അദ്ധ്യക്ഷതയിൽ ജില്ലാ കലക്ടർ കെ. വിജയനമ്പ്യാർ ഉദ്ഘാടനം ചെയ്തു. ഡോ. കെ. മാധവൻകുട്ടി പ്രസംഗിച്ചു. കാൻഫെഡ് സംസ്ഥാന സിക്രട്ടറി പി. എൻ. പണിക്കർ സ്വാഗതവും എടക്കാട്ട് നാരായണൻ നന്ദിയും പറഞ്ഞു.

ഉദ്ഘാടനത്തിന്നു ശേഷം കലാപരിപാടികളും കാൻഫെഡ് കുടുംബസദസ്സുമുണ്ടായി.

വിലക്കയററത്തിനെതിരെ പ്രക്ഷോഭം നടത്തും

കല്പററ: നിത്യോപയോഗ സാധനങ്ങളുടെ വിലക്കയററത്തിൽ പ്രതിഷേധിച്ച് പ്രക്ഷോഭം നടത്താൻ കേരള യൂത്ത് ഫ്രണ്ട് ജില്ലാ സെക്രട്ടേറിയററ് യോഗം തീരുമാനിച്ചു.

എല്ലാ കടകളിലും അവശ്യസാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്നും അമിതമായ വില ഈടാക്കുന്ന കച്ചവടക്കാർക്കെതിരെ കർശനമായ നടപടി സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ഒരേ ടൗണിൽ തന്നെയുള്ള കടകളിൽ സാധനങ്ങൾക്ക് വ്യത്യസ്തമായ വില ഈടാക്കുന്നതായി യോഗം ആരോപിച്ചു. ജില്ലാ പ്രസിഡണ്ട് എം. വി. ബേബി അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന എക്സിക്യൂട്ടീവ് മെംബർ വി. പി. തോമസ്, രാജൻ പൂതാടി, ജെയിംസ് നെല്ലിക്കാടൻ, ജോർജ്ജ് ഉണ്ണിക്കുന്നേൽ എന്നിവർ സംസാരിച്ചു. ജില്ലാ ജനറൽ സിക്രട്ടറി സെബാസ്റ്റ്യൻ പുലിക്കത്തി റിപ്പോർട്ട് അവതരിപ്പിച്ചു.

മോഷണക്കേസ്സ് പ്രതി പിടിയിൽ

തളിപ്പറമ്പ്: തളിപ്പറമ്പ് പുതിയടത്ത് കാവിൽ നിന്നു 1983 നവംബർ 11—ന്നു ലക്ഷം ക.യുടെ തിരുവാഭരണങ്ങൾ മോഷണം പോയ കേസ്സിൽ ചേലോറ തിലാന്നൂരെ കരുണൻ എന്ന മത്തൻ കരുണാകരനെ കോഴിക്കോട് ടെംബിൾ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ എസ്. ജനാർദ്ദനൻ പയ്യന്നൂരിൽ അറസ്റ്റ് ചെയ്തു. പയ്യന്നൂരിലെ ഒരു സ്വർണ്ണക്കടയിൽ നിന്നു സ്വർണ്ണവും വെള്ളിയും പിടിച്ചെടുത്തിട്ടുണ്ട്.

ഇതിന്നു മുമ്പ് പൊലീസ് പിടിയിലായ പന്നിയങ്കരയിലെ പ്രേംകുമാർ എന്ന വേണുഗോപാലിൽ നിന്നു കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ പൊലീസ് കരുണനെ വേണ്ടി തിരച്ചിൽ നടത്തിവരികയായിരുന്നു. 83 ഡിസംബർ 22—ന്നു വേണുഗോപാലൻ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ 2 കിലോ 300 ഗ്രാം വെള്ളിയും 175 ഗ്രാം സ്വർണ്ണവും കണ്ണൂർ ക്രൈം ഡിററാച്ച്മെൻറ് സർക്കിൾ ഇൻസ്പെക്ടർ എൻ. കെ. ബാലചന്ദ്രൻ കോഴിക്കോട്ട് പചരിൽ നിന്നായി പിടിച്ചെടുത്തിരുന്നു.

മുൻകൂട്ടി തയ്യാറാക്കിയ പരിപാടിയനുസരിച്ച് താനും വേണുഗോപാലനും രാത്രി 2 മണിക്കാണ് ക്ഷേത്രത്തിൽ മോഷണം നടത്തിയതെന്നും ക്ഷേത്ര പരിസരത്തു വെച്ചു തന്നെ സ്വർണ്ണവും വെള്ളിയും രണ്ടായി പങ്കുവെച്ചെടുത്തുവെന്നും കരുണൻ പൊലീസിനോടു പറഞ്ഞുവത്രെ. വേണു കോഴിക്കോട്ടേക്ക് പോവുകയും, കരുണൻ കണ്ണൂരിൽ ബസ്സിറങ്ങുകയും ചെയ്തു. തനിക്ക് പങ്കുവെച്ചു കിട്ടിയ സ്വർണ്ണം തൂകിയപ്പോൾ 221 ഗ്രാമും വെള്ളി 1 കിലോ 408 ഗ്രാമും ഉണ്ടായിരുന്നു എന്നു കരുണൻ പറഞ്ഞു.

വേണു പിടിയിലായ വിവരം പത്രത്തിൽ അറിഞ്ഞപ്പോൾ താൻ മംഗലാപുരത്തേക്ക് കടന്നുവെന്നും, മംഗലാപുരം ഹാർബറിന്റെ അടുത്തുവെച്ച് 10,000 ക.യോളം തന്റെ കയ്യിൽനിന്നു ആരോ മോഷ്ടിച്ചുവെന്നും കരുണൻ പറഞ്ഞു.

പ്രതിയെ തളിപ്പറമ്പ് ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട് പി. എസ്. വാസു ജൂലായി 11 വരെ റിമാണ്ട് ചെയ്തു. —സ്വ. ലേ.

വയനാട്ടിൽ പുഴകൾ കരകവിഞ്ഞൊഴുകുന്നു

കല്പററ: കഴിഞ്ഞ മൂന്നു ദിവസമായി പെയ്യുന്ന കനത്ത മഴയെ തുടർന്നു വയനാട്ടിലെ പുഴകളും തോടുകളും കരകവിഞ്ഞൊഴുകുകയാണ്.

വയലുകളും താണപ്രദേശങ്ങളും തടാകങ്ങളായി മാറിയിട്ടുണ്ട്. ആയിരക്കണക്കിനേക്ര നെല്ലാടങ്ങൾ വെള്ളത്തിൽ മുങ്ങിക്കഴിഞ്ഞു. വയലിൽ നട്ട ഇഞ്ചികൃഷിയെയാണ് വെള്ളപ്പൊക്കം ഏററവും പ്രതികൂലമായി ബാധിച്ചത്. കലവന്നൂരും അല്ലാത്തുമായ വാഴകൾ പരക്കെ നശിച്ചു കിഞ്ഞു. കപ്പ, കാച്ചിൽ, ചേന, എന്നീ വയൽ കൃഷികളും നാശത്തെ നേരിടുകയാണ്. വെള്ളിയാഴ്ച ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 145 പേരെ മാററി പാർപ്പിച്ചു. 15 വീടുകൾ പൂർണ്ണമായും 85 വീടുകൾ ഭാഗികമായും നശിച്ചിട്ടുണ്ട്. വീടുകളിൽ നിന്നു ഒഴിപ്പിച്ചവർക്കെല്ലാം ഒരാഴ്ചത്തെ സൗജന്യ റേഷൻ നൽകുന്നതിന്നു ഉത്തരവായി.

നെൽപ്പാടങ്ങൾ വെള്ളത്തിൽ

പനമരം: കനത്ത പേമാരിയും വെള്ളപ്പൊക്കവും കാരണം പനമരം പുഴ കര കവിഞ്ഞൊഴുകിയതിനെത്തുടർന്നു ആയിരക്കണക്കിന്നു ഏക്കർ നെല്ലാടങ്ങൾ വെള്ളത്തിൽ മുങ്ങി. വീടൊഴിഞ്ഞ നൂറോളം കുടുംബങ്ങളെ പനമരം ആശ്വാസ കേന്ദ്രത്തിൽ പാർപ്പിച്ചിട്ടുണ്ട്. പനമരം മർച്ചൻറ്സ് അസോസിയേഷൻ, രാഷ്ട്രീയ പാർട്ടികൾ, ചേർന്ന് അധികൃതർ മുഖേന സംഭരിച്ച 3 ക്വിൻറൽ അരി വെള്ളപ്പൊക്കത്തിൽ പെട്ടവർക്ക് വിതരണം ചെയ്യുകയുണ്ടായി.

പനമരം പുഴയിൽ വെള്ളം പൊങ്ങിയതിനെ തുടർന്നു പുഞ്ചവയലിലെ ഇരുനൂറോളം ഏക്കർ വയൽ കായലായി മാറിയിരിക്കുകയാണ്. ബീനാച്ചി—പനമരം റോഡിലെ ഏതാണ്ട് ഒരു കിലോമീററോളം റോഡ് വെള്ളത്തിന്നടിയിലായതിനെ തുടർന്നു ഈ റൂട്ടിലെ ബസ്സ് സർവ്വീസ് നിർത്തിയിരിക്കുകയാണ്. പുഞ്ചവയലിൽനിന്നു, അക്കരെ കടക്കാൻ നാട്ടുകാർ ഇപ്പോൾ തോണിയെയാണ് ആശ്രയിക്കുന്നത്. നാലോളം തോണികൾ ഇവിടെ ഇപ്പോൾ കടത്തിലേർപ്പെട്ടിട്ടുണ്ട്. കടത്തുകൂലി ഒരു ക.യാണ് നാട്ടുകാരിൽ നിന്നു ഈടാക്കി വരുന്നത്. മൂന്ന് മീററോളം ഉയരത്തിൽ ഇപ്പോൾ വയലിൽ വെള്ളം പൊങ്ങിയിട്ടുണ്ട്.

പേരിയയിലും മണ്ണിടിച്ചിൽ

കണ്ണൂർ: തുടർച്ചയായ മഴ കാരണം തലശ്ശേരിയിൽ നിന്നു മാനന്തവാടി വഴി വയനാട്ടിലേക്കുള്ള പേരിയ ചുരം മണ്ണിടിച്ചൽ ഭീഷണിയിലായിരിക്കുന്നു.

ചുരത്തിൽ തലശ്ശേരിയിൽ നിന്നു 50—ാം മൈലിലെ മണ്ണിടിച്ചൽ നീക്കി ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെങ്കിലും കഠിന മഴ റോഡിൽ വീണ്ടുംതടസ്സമുണ്ടാക്കുമോ എന്നാണ് അധികൃതർ ഭയപ്പെടുന്നത്. രണ്ടും മൂന്നും ഹെയർപിൻ വളവിന്നിടക്കും മണ്ണിടിച്ചലുണ്ടായിരുന്നു. മഴയിൽ കുതിർന്ന് ഒലിച്ചു വരുന്ന കല്ലും മണ്ണും ചാലുകളിൽ നിറയുന്നത് കാരണം പലയിടത്തും മഴവെള്ളം റോഡിലൂടെയാണ് താഴോട്ടു ഒഴുകുന്നത്.

ബാംഗ്ളൂരിലേക്ക് സ്റ്റേററ് ബസ്സ് മുടങ്ങി

കണ്ണൂർ: കണ്ണൂരിൽ നിന്നും ബാംഗളൂരിലേക്കുള്ള കെ. എസ്. ആർ. ടി. സി. എക്സ്പ്രസ്സ് ബസ്സുകൾ മുടങ്ങി. ബാംഗളൂരിൽ നിന്നും ഡീസൽ കടം കിട്ടാത്തതാണ് കാരണം.

ഇവിടെ നിന്നും നിത്യേന രണ്ട് എക്സ്പ്രസ്സ് ബസ്സുകളാണ് ബാംഗളൂരിലേക്ക് ഓടുന്നത്. ഇവ രണ്ടു ദിവസമായി മൈസൂർ വരേയേ ഓടുന്നുള്ളു. ഡീസലടിച്ച വകയിൽ കർണ്ണാടക ട്രാൻസ്പോർട്ട കോർപ്പറേഷനു കെ. എസ്. ആർ. ടി. സി. ഭീമമായ സംഖ്യ കൊടുക്കാനുണ്ടത്രെ. ഇതേ തുടർന്നു ഒററ കെ. എസ്. ആർ. ടി. സി. ബസ്സിനും കർണ്ണാടകത്തിൽ നിന്നും ഡീസൽ കടം കിട്ടുന്നില്ല.

തലശ്ശേരി—കൂട്ടുപുഴ വഴി ബാംഗളൂരിലേക്ക 354കി. മീററാണുള്ളത്. ഇവിടെ നിന്നും റിട്ടേൺ ട്രിപ്പിനുംകൂടിയുള്ള ഡീസൽ നിറച്ചു പോകാനുംനിവൃത്തിയില്ല. ഇപ്പോഴുള്ള ടാങ്കിൽ അത്രയും ഡീസൽ കൊള്ളില്ല. അതുകൊണ്ടു മൈസൂർവരെ ഓടി തിരിച്ചുപോരുന്നു. (മൈസൂരിൽ നിന്നും ബാംഗളൂരിലേക്ക് 140 കി. മീററർ ഉണ്ട്).

കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷനോടുള്ള പ്രതിഷേധസൂചകമായി അവിടെ നിന്നുള്ള ബസ്സുകൾക്ക കണ്ണൂരിൽ നിന്നു ഡീസൽ കൊടുക്കുന്നില്ല. പക്ഷെ, കർണ്ണാടക ബസ്സുകൾ മൈസൂർ, വിരാജപേട്ട എന്നിവിടങ്ങളിലുള്ള സ്വന്തം ഡിപ്പോകളിൽ നിന്നും വേണ്ടത്ര ഡീസൽ അടിച്ചാണ് സർവ്വീസ് നടത്തുന്നത്. നിത്യേന അഞ്ച് കർണ്ണാടക ബസ്സുകൾ ബാംഗ്ളൂർ—കണ്ണൂർ സർവ്വീസ് നടത്തുന്നുണ്ട്.

കെ. എസ്. ആർ. ടി. സി.ക്ക് നല്ല വരുമാനമുള്ള റൂട്ടുകളിലൊന്നാണ് ബാംഗളൂർ റൂട്ട്.

മദ്യഷാപ്പ് വ്യവസ്ഥ അപ്രായോഗികമെന്ന്

കല്പററ: ദേവാലയങ്ങളും വിദ്യാലയവും മദ്യഷാപ്പും തമ്മിലുള്ള ദൂരം സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥ അപ്രായോഗികമാണെന്നും ഈ വ്യവസ്ഥ തുടർന്നാൽ പല ഷാപ്പുകളും നിർത്തേണ്ടി വരുമെന്നും മദ്യവ്യവസായ തൊഴിലാളി ഫെഡറേഷൻ സി.ഐ.ടി.യു. ജില്ലാ സിക്രട്ടറി കെ. വി. മോഹനൻ കല്പററ റേഞ്ച് സെക്രട്ടറി പി. ജി. തോമസ് ബത്തേരി റേഞ്ച് സെക്രട്ടറി പി. എം. ശിവൻ എന്നിവർ ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു.

വർഷങ്ങളായി ഷാപ്പ് നടത്തിവരുന്ന ഒരു കെട്ടിടത്തിന്നു സമീപം പുതുതായി ഒരു ദേവാലയമോ വിദ്യാലയമോ വന്നാലും ഷാപ്പ് നടത്താൻ തടസ്സമാകും. ഈ ബുദ്ധിമുട്ട് പരിഹരിച്ചില്ലെങ്കിൽ മദ്യനിരോധനത്തിന്റെ ഫലമാണുണ്ടാകുക. ദേവാലയങ്ങളും വിദ്യാലയവും, മദ്യഷാപ്പും തമ്മിലുള്ള ദൂരം പട്ടണത്തിൽ 50 മീററും ഗ്രാമത്തിൽ 100 മീററുമായി ചുരുക്കുക, നിയമവിരുദ്ധ ഉപഷാപ്പുകളിലേയും മദ്യക്കടകളിലേയും മററും ചാരായ വില്പന അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ അനുവദിച്ചു കിട്ടുവാൻ കല്പററ കലക്ടറേററിന്നു മുമ്പിൽ ജൂലായ് 2ന്നു തൊഴിലാളികൾ ധർണ്ണ നടത്തുമെന്നു നേതാക്കന്മാർ അറിയിച്ചു.

വിവാഹം

ഏച്ചോം: വിളമ്പുകണ്ടം ഇല്ലിക്കൽ ഉലഹന്നാന്റെ മകൻ ജോസഫ് വിളമ്പുകണ്ടം കടേക്കൽ അബ്രഹാമിന്റെ മകൾ ചിന്നമ്മയും വിവാഹിതരായി.

ചരമം

രാമൻ

കേണിച്ചിറ: ആദ്യകാല കുടിയേററ കർഷകനായ മതേട്ടിമട്ടിൽ രാമൻ(67) അന്തരിച്ചു. പരേതന്നു ഭാര്യയും അഞ്ചു മക്കളുമുണ്ട്.

ചുഴലി പുഴക്ക് നാട്ടുകാർ പാലം പണിതു

കല്പററ: പഞ്ചായത്ത് അധികൃതർക്ക് നിരവധി നിവേദനങ്ങൾ സമർപ്പിച്ചിട്ടും ഫലമില്ലാത്തതിനെത്തുടർന്നു മടിയൂർകനി—തൂണമുക്കംകന്നു റോഡിൽ ചുഴലി പുഴക്ക് നാട്ടുകാർ തന്നെ പാലം പണിതു.

മടിയൂർകനി—തൂണമുക്കം കന്നമ്പററ റോഡുകളെ തമ്മിൽ ബന്ധിപ്പിച്ചിരുന്ന ചുഴലിപ്പുഴക്ക് നിർമ്മിച്ച പാലം ആദിവാസി പണിയ സമുദായാംഗമായ വെള്ളനാണ് ഉദ്ഘാടനം ചെയ്തത്. ചുഴലിയിലെ യുവാക്കളുടെ പരിശ്രമത്താൽ പണിത കമ്പിപ്പാലത്തിന്നു 1200ക.യോളം മതിപ്പ് ചെലവ് വരും. ചുഴലി പുഴക്ക് പാലം നിർമ്മിക്കണമെന്ന ആവശ്യവുമായി മേപ്പാടി, കല്പററ പഞ്ചായത്തുകളെ സമീപിച്ച് നിവേദനം നടത്തിയിട്ടും പഞ്ചായത്ത് ഇക്കാര്യത്തിൽ തികഞ്ഞ അവഗണനയാണ് കാട്ടിയതെന്നു നാട്ടുകാർ ആരോപിച്ചു.

കാമുകീ കാമുകന്മാർ ആത്മഹത്യചെയ്തു

സുൽത്താൻബത്തേരി: നൂൽപ്പുഴ പഞ്ചായത്തിൽ കമ്പാരക്കര മട്ടപ്പാട് വീട്ടിൽ അപ്പുവിന്റെ മകൻ അരവിന്ദനും (22) തമ്പാരക്കര വാളക്കാട് വീട്ടിൽ കമാരന്റെ മകൾ വസന്തയും (20) വിഷം കഴിച്ചു ആത്മഹത്യ ചെയ്തു. അപ്പുവിന്റെ സഹോദരിപുത്രിയാണ് മരിച്ച വസന്ത. വസന്തയും അരവിന്ദനും കുറെക്കാലമായി പ്രണയബദ്ധരായിരുന്നുവത്രെ. തങ്ങളുടെ വിവാഹത്തിന്നു തടസ്സം നേരിടുമോ എന്നു ഭയന്നിട്ടാണ് അവർ ആത്മഹത്യ ചെയ്തത്. ബത്തേരി പൊലീസ് ഇൻക്വസ്റ്റ് നടത്തി മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടം നടത്തിയ ശേഷം ബന്ധുക്കൾക്ക് വിട്ടു കൊടുത്തു.

യൂനിവേഴ്സിററിയുടെ കൈപ്പിഴ

കണ്ണൂർ: പ്രീ ഡിഗ്രി മാർക്ക് ലിസ്റ്റിൽ കാലിക്കററ് യൂനിവേഴ്സിററി ഓഫീസിൽ നിന്നു വന്ന ഒരു കൈപ്പിഴ ഇവിടെ ഒരു വിദ്യാർത്ഥിനിയെ കഷ്ടത്തിലാക്കി.

കണ്ണൂർ ശ്രീനാരായണ കോളജിൽ നിന്നും ഒന്നാം ക്ലാസോടെ പാസായ പി.എസ്. സോയ എന്ന വിദ്യാർത്ഥിനിയാണ് വിഷമത്തിലായത്. സോയയുടെ മാർക്ക് ലിസ്റ്റ് കൂട്ടിയിട്ടതിൽ പിശകൊന്നുമില്ല. 621 എന്നഅക്കം ഇംഗ്ളീഷ് അക്ഷരങ്ങളിലാക്കിയപ്പോൾ ആറു മൂന്നു ഒന്ന് എന്നായി. ഇതു തിരുത്താൻ വേണ്ടി കോളേജ് മുഖേന യൂനിവേഴ്സിററിക്ക വീണ്ടും സർട്ടിഫിക്കററ് അയച്ചിരിക്കയാണ് ഈ കുട്ടി

512നു പകരം 412

കണ്ണൂർ: ആകെ മാർക്ക് 512. കൂട്ടിയിട്ടപ്പോൾ 412. കാലിക്കററ് യൂനിവേഴ്സിററിയുടെ പ്രീഡിഗ്രി മാർക്ക് ലിസ്റ്റിലാണ്: കണക്കു കൂട്ടൽ തെററിപ്പോയതു്. ഫോർത്ത് ഗ്രൂപ്പ് എടുത്തു പ്രൈവററായി പഠിച്ച ചൊവ്വയിലെ സി. ലതികക്കാണ് ഇപ്രകാരം മാർക്ക് കുറഞ്ഞതു്. ആകെയുള്ള 900 മാർക്കിൽ ലതികക്ക് 512 കിട്ടി. പക്ഷെ, മാർക്ക്ലിസ്റ്റിൽ 412 എന്നേ രേഖപ്പെടുത്തിയിട്ടുള്ള.

പാലക്കാട്ട് കെ. എസ്. യു. (ഐ) പിളർപ്പ് പൂർത്തിയായി

പാലക്കാട്, കെ.എസ്.യു (ഐ) വിന്റെ അംഗത്വ വിതരണോദ്ഘാടനത്തിന്നു രണ്ടു ചടങ്ങുകൾ രണ്ടിടത്തു നടന്നതോടെ സംഘടനയുടെ ജില്ലയിലെ പിളർപ്പ് പൂർത്തിയായി. പി. ടി. തോമസിനെ അനുകൂലിക്കുന്ന വിഭാഗം വ്യാഴാഴ്ച നൂറണി ഹൈസ്കൂളിലും, ശരത്ചന്ദ്ര പ്രസാദിനെ അനുകൂലിക്കുന്ന വിഭാഗം വെള്ളിയാഴ്ച എലപ്പുള്ളി എ. പി.ജി. ഹൈസ്കൂളിലുമാണ് ഉദ്ഘാടന ചടങ്ങുകൾ നടത്തിയതു്.

നൂറണി ഹൈസ്കൂളിൽ നടന്ന ചടങ്ങിൽ താലൂക്ക് വൈസ് പ്രസിഡണ്ട് എ. അയൂബിന്റെ അധ്യക്ഷതയിൽ സംസ്ഥാന എക്സിക്യൂട്ടീവ് അംഗമായ എ.ജയദേവൻ മെംബർഷിപ്പ് വിതരണം തുടങ്ങിവെച്ചു. ജില്ലാ ട്രഷറർ കെ. ജയപ്രകാശ്, ജില്ലാ സിക്രട്ടറി എ. ഗോപിനാഥ്, ജോസഫ് ആൻറണി, പി. പി. വിനോദ്കുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

എലപ്പുള്ളി ഹൈസ്കൂളിലെ കെ. എസ്.യു.വിന്റെ മുൻ സംസ്ഥാന സെക്രട്ടറി പി. ശിവദാസാണ് മെംബർഷിപ്പ് വിതരണം ഉദ്ഘാടനം ചെയ്തത്. ജില്ലാ ആക്ടിങ്ങ് പ്രസിഡണ്ട് പി. ഏ. ചന്ദ്രശേഖരൻ അദ്ധ്യക്ഷതവഹിച്ചു. ഡി.സി.സി. സിക്രട്ടറി ഗോപാലൻകുട്ടി, വി. ശശിധരൻ കെ. കെ. കുഞ്ഞുമോൻ തുടങ്ങിയവർ സംസാരിച്ചു.

പശുക്കച്ചവടത്തിലും ടാക്സ് വെട്ടിപ്പ്

മഞ്ചേരി: കാര്യം പശുക്കച്ചവടമാണ്. പക്ഷെ, ഈ വകയിൽ ഗവർമ്മെണ്ടിന്നു വർഷംതോറും നികുതിയിനത്തിൽ വലിയൊരു തുക നഷ്ടപ്പെടുന്നു. സംസ്ഥാനാന്തര പശു കച്ചവടത്തിലാണ് ഇതു് നടക്കുന്നതെന്നുമാത്രം. തമിഴ്നാട്ടിൽ നിന്നു ആഴ്ചതോറും ശരാശരി 50 ലോഡുകളിലായി 500—ഓളം വരുന്ന കറവ പശുക്കളും എരുമകളും കേരളത്തിലെത്തുന്നുണ്ടത്രെ. ഇവയിൽ ഒട്ടുമുക്കാലും പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലാണ് വിററഴിയാറ്.

പൊള്ളാച്ചി, തിരുപ്പൂർ, ഉമ്മിലമ്പട്ടി എന്നിവിടങ്ങളിൽ നിന്നു വാളയാർ, ഗോപാലപുരം വഴിക്കാണ് ഇവയെ കൊണ്ടുവരാറ് പതിവ്. ഈ സ്ഥലങ്ങളിൽ കേരളത്തിന്റേയും തമിഴ്നാടിന്റേയും ചെക്ക്പോസ്റ്റുകളുണ്ട്. ലോറിയിലാണെങ്കിൽ ഒരു പശുവിന്നു 15ക. തോതിൽ നികുതി കൊടുക്കേണ്ടതാണെന്ന് നിയമം. രണ്ടു ചെക്ക്പോസ്റ്റുകളുള്ളതിനാൽ ഇരട്ടി നികുതിയായ 30 ക. കെട്ടേണ്ടി വരുന്നു. ഈ ടാക്സിൽ നിന്നു രക്ഷപ്പെടാൻ കച്ചവടക്കാർ ഒരു സൂത്രപ്പണി ഒപ്പിക്കുന്നു. ചെക്ക്പോസ്റ്റിന്നു ഒരു നാഴിക ഇപ്പുറം വെച്ച് പശുക്കളെ ലോറിയിൽ നിന്നിറക്കിയ ശേഷം നടത്തിക്കൊണ്ടു പോയി ചെക്ക്പോസ്റ്റിന്നു അപ്പുറം കടത്തുന്നു.

പിള്ളക്കെതിരെ കേസ്

1—ം പേജ് 2—ാം കോളം തുടർച്ച

കോടതി പരാമർശിക്കുകയുണ്ടായി.

സത്യപ്രതിജ്ഞാലംഘനമുണ്ടെന്ന് ആരോപണമുള്ള കേസുകളിൽ മന്ത്രിക്കോ എം.എൽ.എ.ക്കോ എതിരായി ഹരജികൾ നിലനിൽക്കില്ലെന്ന ഡിവിഷൻ ബഞ്ചിന്റെ വിധി ജസ്റ്റിസ് രാധാകൃഷ്ണ മേനോൻ ചൂണ്ടിക്കാട്ടി അത്തരം ആരോപണമുണ്ടായാൽ അതിൽ തീരുമാനമെടുക്കേണ്ടതു് ഭരണഘടനപ്രകാരം ഗവർണ്ണറാണ്. ഈ വിധി താൻ അനുസരിക്കേണ്ടതല്ലേ എന്നു അദ്ദേഹം ചോദിച്ചു.

ഹരജി ഫയലിൽ സ്വീകരിച്ച സാഹചര്യം പരിശോധിക്കണം. പിള്ള നടത്തിയെന്നു ഹരജിക്കാരൻ ഉന്നയിക്കുന്ന പ്രസംഗത്തിന്റെ പത്ര റിപ്പോർട്ടുകൾ പോലും ഹരജിക്കാരൻ കോടതിയിൽ ഹാജരാക്കിയിരുന്നില്ല. ആ റിപ്പോർട്ടുകൾ പരിശോധിക്കാതെയാണ് കോടതി ഉത്തരവായതെന്നു പിള്ളയുടെ അഭിഭാഷകൻ ചൂണ്ടിക്കാട്ടി. പിള്ളയുടെ പ്രസംഗത്തെക്കുറിച്ച് ചിലരോടു ഹരജിക്കാരൻ ചോദിച്ചുവെന്നാണ് പറഞ്ഞിരിക്കുന്നത്. ആരോടാണെന്നു പറയുന്നില്ല. ഉന്നതവേദിയായ ഹൈക്കോടതിയിൽ പ്രശ്നം ഉന്നയിക്കുമ്പോൾ ഹരജിക്കാരൻ കാര്യങ്ങൾ വ്യക്തമായി പറയേണ്ടതായിരുന്നുവെന്നു അദ്ദേഹം കൂട്ടിച്ചേർത്തു. ഹരജിക്കു പ്രസക്തിയില്ലാതായില്ലേ എന്ന കോടതിയുടെ ചോദ്യത്തിനു അങ്ങനെയാണെങ്കിൽ തന്റെ കക്ഷിക്ക് സന്തോഷമേയുള്ളുവെന്നു അദ്ദേഹം പറഞ്ഞു.

ഒരാളുടെ പ്രസംഗം പത്രങ്ങൾ റിപ്പോർട്ടു ചെയ്യുന്നു. തെററാണെന്നു പറഞ്ഞു നിഷേധം വരുന്നില്ല. ആ സാഹചര്യത്തിൽ ഹരജിയുമായി ഒരാൾ കോടതിയിൽ വന്നാലുള്ള സ്ഥിതി കോടതി ചൂണ്ടിക്കാട്ടി. ഈ സാഹചര്യത്തിൽ കോടതി തെളിവെടുക്കുകയാണെങ്കിൽ എന്താണ് സ്ഥിതി. റിട്ട് ഹരജികളിൽ കോടതി നേരത്തെ തെളിവെടുത്തിട്ടുണ്ടല്ലോ എന്നു ജസ്റ്റിസ് രാധാകൃഷ്ണ മേനോൻ ചൂണ്ടിക്കാട്ടി.

ഹരജി ഫയലിൽ സ്വീകരിച്ച ഘട്ടത്തിൽ നടത്തിയ പരാമർശം ഒരു നിഗമനമല്ലെന്നു ജഡ്ജി പറഞ്ഞു. കാര്യങ്ങൾ സങ്കല്പിച്ചുകൊണ്ടു നടത്തിയതാണ്.

എന്നാൽ ഹരജി ഫയലിൽ സ്വീകരിച്ചപ്പോൾ അഡ്വക്കേററ് ജനറലിന്റെ വാദം കോടതി കേട്ടതാണെന്നും തന്റെ ഭാഗം കേൾക്കാതെയാണ് കോടതി ഉത്തരവായതെന്നുമുള്ള പിള്ളയുടെ വാദം ഹരജിക്കാരന്റെ അഭിഭാഷകൻ എതിർത്തു. ഹരജിക്കാരനെ ഉത്തരവാദിത്വമില്ലാത്തതും ദുരുദ്ദേശ്യമായ ഒരാളായി പിള്ള തന്റെ എതിർസത്യവാങ്മൂലത്തിൽ ചിത്രീകരിച്ചതു പിൻവലിച്ചു മാപ്പു പറയണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു.

എസ്. എഫ്. ഐ. വിദ്യാർത്ഥികൾ പഠിപ്പുമുടക്കി

കല്പററ: കാർമൽ സ്കൂളിന്റെ അംഗീകാരം പിൻവലിക്കുക, അൺ എയിഡഡ് സ്കൂളുകൾ നിർത്തലാക്കുക, വിദ്യാർത്ഥി പ്രവേശനത്തിന്നു കോഴവാങ്ങൽ അവസാനിപ്പിക്കുക അദ്ധ്യാപക നിയമനം പി.എസ്.സി. വഴി നടത്തുക, പാരലൽ കോളേജ് വിദ്യാർത്ഥികളുടെ വർദ്ധിപ്പിച്ച ബസ്സ് ചാർജ് പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടു എസ്. എഫ്. ഐ. സംസ്ഥാനവ്യാപകമായി നടത്തുന്ന പഠിപ്പ്മുടക്കിനോടനുബന്ധിച്ച് ജില്ലയിൽ കല്പററ, ബത്തേരി, പുല്പള്ളി കോളേജുകളിലും വിവിധ ഹൈസ്കൂളുകളിലും ചുണ്ടയിൽ ഐ.ടി.ഐ.യിലും പഠിപ്പ മുടക്കിവിദ്യാർത്ഥികൾ കല്പററ ടൗണിൽ പ്രകടനവും പൊതുയോഗവും നടത്തി. പൊതുയോഗത്തിൽഎസ്.എഫ്.ഐ.ജില്ലാ പ്രസിഡണ്ട് ടി. ജെ. ജോയ് സംസാരിച്ചു.

വയനാട് ജില്ലാ ക്രിക്കററ് ലീഗ് ചാമ്പ്യൻഷിപ്പ് നേടിയ വയനാട് ക്രിക്കററ് ടീം ക്യാപ്ററൻ, അഡ്വ. സി. സി. മാത്യുവിൽ നിന്നു ട്രോഫി സ്വീകരിക്കുന്നു

കണ്ണുകെട്ടി പ്രകടനം, ധർണ

കൂത്തുപറമ്പ്: കണ്ണ് കെട്ടി 20കിലോമീററർ ദൂരം മഴനനഞ്ഞ് നടന്നു എത്തിയ ഒരു ഡസൻ യുവജനതാവളണ്ടിയർമാർ ഇവിടെ പ്രകടനവും എലക്ട്രിക്കൽ സബ്ബ്ഡിവിഷൻ ഓഫീസിനു മുമ്പിൽ ധർണയും നടത്തി, ജനശ്രദ്ധയാകർഷിച്ചു.

5 വർഷം മുമ്പ് പണിയാരംഭിച്ച ചെറുവാഞ്ചേരിയിലേക്കുള്ള വൈദ്യുതി ലൈൻ പൂർത്തീകരിക്കാത്തതിൽ പ്രതിഷേധിച്ചായിരുന്നു പ്രകടനവും ധർണ്ണയും. 4 വർഷം മുമ്പ്തന്നെ ലൈനിന്റെ മുക്കാൽഭാഗം പണികളുംതീർന്നിട്ടും തികഞ്ഞ അനാസ്ഥ മൂലമാണ് ചെറുവാഞ്ചേരി ഗ്രാമീണർക്ക് വെളിച്ചം നൽകാത്തതെന്നു ധർണ്ണ ഉദ്ഘാടനം ചെയ്ത് ജനതാപാർട്ടി സംസ്ഥാന വൈ.പ്രസി. പി.ആർ.കുറുപ്പ് ആരോപിച്ചു. ബുധനാഴ്ചവൈകുന്നേരത്തോടെ ചെറുവാഞ്ചേരിനിന്നും കണ്ണുകൾ രണ്ടും കറുത്ത തുണികൊണ്ടു കെട്ടി യുവാക്കൾ പാറാട്— പാനൂർ പത്തായക്കുന്ന് വഴിയാണ് വ്യാഴാഴ്ച രാവിലെ ഇവിടെ എത്തിയത്. പന്ന്യോടൻ ചന്ദ്രൻ കെ.വി. ചന്ദ്രൻ എന്നിവർ നേതൃത്വം നൽകി.

ജീപ്പ് കണ്ടെത്തി

മട്ടന്നൂർ: തലശ്ശേരിയിലെ ഒരു വീട്ടിൽ നിന്നു ചൊവ്വാഴ്ച കാണാതായ കെ.ആർ.സി—2525 നമ്പർ ജീപ്പ് നടുവനാട്ട് വെച്ച് മട്ടന്നൂർ എസ്. ഐ. ഹബീബ്റഹ്മാനും പാർട്ടിയും കസ്റ്റഡിയിലെടുത്തു.

ഓവർസ്പീഡിൽ പോവുകയായിരുന്ന ജീപ്പിനെ സംശയം തോന്നി പിന്തുടർന്നപ്പോൾ നടുവനാട്ട് ചെളിയിൽഅമർന്നുപോയ ജീപ്പ് ഉപേക്ഷിച്ചു മോഷണസംഘം രക്ഷപ്പെടുകയാണുണ്ടായതു്.

ഇന്നത്തെ സിനിമ

കൽപ്പററ

വിജയ: പുതുയുഗം തമിഴ് (കളർ) വിജയകാന്ത് കെ.ആർ.വിജയ —3കളി

ജൈത്ര: സമ്മേളനം—ശങ്കർ, മേനക, ജഗതി 3 കളി

അനന്തപത്മ: അടിയൊഴുക്കുകൾ 3 കളി NS നാൻപാടപാടും

വയനാട്ടിലെ സ്കൂളുകളിൽ പുസ്തകങ്ങളില്ല

കല്പററ: വയനാട് ജില്ലയിലെ മിക്ക സ്കൂളുകളിലും ആവശ്യമായ പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും ഇനിയും എത്തിയിട്ടില്ല.

ഇക്കൊല്ലം മാറിയ ടെക്സ്റ്റ് പുസ്തകങ്ങൾ അച്ചടിച്ചെത്താൻ കഴിഞ്ഞ വർഷത്തെപ്പോലെ സമയം എടുക്കുകയാണെങ്കിൽ വിദ്യാർത്ഥികൾ വിഷമിച്ചതു തന്നെ. ജില്ലയിൽ ടെക്സ്റ്റ് പുസ്തകങ്ങൾ തീരെ എത്താത്ത ഗവൺമെൻറ് ഹൈ സ്കൂളുകൾ ഉണ്ട്. മേപ്പാടി ഗവ. ഹൈ സ്കൂളിൽ ഇതുവരെ നോട്ടുബുക്കുകൾ എത്തിയിട്ടില്ല. ടെക്സ്റ്റ് ബുക്കുകളാണെങ്കിൽ മിക്കതും ഇല്ലതാനും. ആവശ്യത്തിന്നുള്ള ടെക്സ്റ്റ് പുസ്തകങ്ങളും നോട്ടുബുക്കുകളും ഡിപ്പോകളിൽ ഇല്ലത്രെ. ഗവ. ഹൈസ്കൂളുകളാണ് പാഠപുസ്തകം എത്തിക്കുന്നതിൽ അശ്രദ്ധ കാണിക്കുന്നത്. അദ്ധ്യയന വർഷത്തിന്റെ അവസാനം ടെക്സ്റ്റ് പുസ്തകങ്ങൾ കിട്ടിയിട്ട് വിദ്യാർത്ഥികൾക്ക് എന്തു പ്രയോജനം?

ടെക്സ്റ്റ് ബുക്കുകൾ സ്കൂൾ മുഖേന മാത്രമേ വിതരണം ചെയ്യാവൂ എന്നുണ്ട്. മിക്ക ഗവ. ഹൈസ്കൂളുകളിലേയും കോ—ഓപ്പറേററീവ് സ്റ്റോറുകൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തതിനാലാണ്, വിദ്യാർത്ഥികൾക്ക് സമയത്ത് പാഠപുസ്തകങ്ങൾ കിട്ടാത്തത്. പരാതിപ്പെട്ടിട്ട് എന്തു കാര്യം എന്നാണ് വിദ്യാർത്ഥികൾ ചോദിക്കുന്നത്.

സ്കൂൾ തുറന്നു നാളേറെയായിട്ടും, ഏതാണ് പുതിയ സിലബസ്, മാറിയ വിഷയങ്ങളിൽ എന്തെല്ലാം പഠിപ്പിക്കണം എന്നതിനെക്കുറിച്ചൊന്നും അദ്ധ്യാപകർക്കും വ്യക്തമായ നിർദ്ദേശങ്ങളൊന്നുമില്ലത്രെ.

ബത്തേരി ടൗണിൽ മോഷണം പെരുകുന്നു

സുൽത്താൻ ബത്തേരി: സുൽത്താൻ ബത്തേരി ടൗണിലെ കടകൾ കുത്തി പൊളിച്ച് കവർച്ച നടത്തുന്നതു് നിത്യസംഭവമായിരിക്കുന്നു.

കഴിഞ്ഞ ദിവസം ബത്തേരി ടൗണിലെ ഒരു തയ്യൽ കട കുത്തി തുറന്നു ആരോ പതിനായിരം ക.യോളം വില വരുന്ന തുണിത്തരങ്ങൾ മോഷ്ടിച്ചു. കടയുടമ അനന്തന്റെ പരാതി പ്രകാരം പൊലീസ് കേസ് റജിസ്റ്റർ ചെയ്തിട്ടുണ്ട്. ടൗണിലെ തന്നെ അബൂട്ടി എന്നാളുടെ വളക്കട കുത്തിത്തുറന്നു 4000 ക.യും ഒരു റേഡിയോവും അടുത്ത ദിവസം ആരോ മോഷ്ടിക്കുകയുണ്ടായി അന്നു തന്നെ ചില പെട്ടി കടകളിൽ നിന്നും ചില്ലറ സാധനങ്ങൾ മോഷ്ടിക്കപ്പെട്ടു. ഇത്രയും കളവുകൾ നടന്നിട്ടും പൊലീസ് വേണ്ടത്ര ജാഗ്രത പാലിക്കുന്നില്ലെന്നു നാട്ടുകാർ ആരോപിച്ചു. സംഭവം സംബന്ധിച്ച് പൊലീസ് ഇതുവരെയും ആരേയും അറസ്റ്റ് ചെയ്തിട്ടില്ല.

കള്ളക്കടത്തു കേസിൽ 6 പ്രതികൾ

കാസർകോട്: ചെമ്പരിക്ക കള്ളക്കടത്തു കേസ്സിൽ 6 പ്രതികളും 5 സാക്ഷികളും ഉണ്ടാവും. ഒരാളൊഴിച്ച് എല്ലാ പ്രതികളും കസ്റ്റംസ് അധികൃതരുടെ പിടിയിലുണ്ട്. സാക്ഷിപ്പട്ടികയിലുൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഒരാളെ വെള്ളിയാഴ്ചയാണ് കിട്ടിയതു്.

പ്രതികളുടെ അറസ്റ്റ് ഒരുപക്ഷെ അല്പം നീണ്ടുപോയേക്കുമെന്ന് കസ്റ്റംസ് അധികൃതർ സൂചിപ്പിച്ചു.

യാത്രയയപ്പുകൾ

മീനങ്ങാടി: കാരച്ചാൽ ഗവ. യു. പി. സ്കൂളിൽ നിന്നു കൊല്ലത്തേക്ക് സ്ഥലം മാറിപ്പോകുന്ന അധ്യാപകൻ മധുസൂദനൻ പിള്ളക്ക് അധ്യാപകരും നാട്ടുകാരും വിദ്യാർത്ഥികളും യാത്രയയപ്പ നൽകി. ചടങ്ങിൽ ഹെഡ് മാസ്റ്റർ രാമകൃഷ്ണപിള്ള അദ്ധ്യക്ഷത വഹിച്ചു. രാജൻ സ്വാഗതവും പത്മനാഭൻ നന്ദിയും പറഞ്ഞു.

പുത്തുമല: സെൻറിനൽ റോക്ക് എസ്റ്റേററിൽ നിന്നു തൊവരിമല എസ്റ്റേററിലേക്ക് സ്ഥലം മാറിപ്പോകുന്ന എസ്റ്റേററ് മാനേജർ മെഗ്നിലിസ്സ് പുത്തുമല ഡിവിഷനിൽവെച്ചു തൊഴിലാളികൾ യാത്രയയപ്പ നൽകി.

പുത്തുമല ഡിവിഷൻ കണ്ടക്ടർ കെ. ആർ. രാമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പി. എം. രാമൻ, സി. പി. ജമാൽ, മുഹമ്മദ് സൂപ്രവൈസർ പ്രേമരാജൻ, അസി. മാനേജർ കാശിനാഥൻ എന്നിവർ പ്രസംഗിച്ചു.

കെ. അബ്ദുറഹിമാൻ സ്വാഗതവും കെ. എം. യൂസഫ് നന്ദിയും പറഞ്ഞു. മാനേജർ മെഗ്നിലി യാത്രയയപ്പിന്നു നന്ദി പറഞ്ഞു.

അഷ്ടബന്ധം ആവരണം ചെയ്തു

കൂത്തുപറമ്പ്: കൊട്ടിയൂർ ഉത്സവം വ്യാഴാഴ്ച സമാപിച്ചതോടെ ശിവലിംഗത്തിന്നുപരിഭാഗത്ത് അഷ്ടബന്ധം എന്ന ദിവ്യവസ്തു കൊണ്ട് ആവരണം ചെയ്തുറപ്പിക്കുന്ന കർമ്മം തന്ത്രിമാരായ പടിഞ്ഞാററില്ലത്ത് രാമചന്ദ്രൻ നമ്പൂതിരി, പനയൂർ പരമേശ്വരൻ നമ്പൂതിരി, ഉഷക്കാമ്പ്രം നാരായണൻ നമ്പൂതിരി, പൈക്കാട്ട് സുബ്രഹ്മണ്യൻ നമ്പൂതിരി എന്നിവർ ചേർന്ന് വെള്ളിയാഴ്ച രാവിലെ നിർവ്വഹിച്ചു. തുടർന്നു മണിത്തറയിൽ പ്രത്യേക പൂജയും ശേഷം അടിയന്തിരക്കാരെല്ലാം ഉത്സവസ്ഥാനമായ അക്കരെ സന്നിധാനത്തിൽ നിന്നു ഇക്കരെക്ക പോന്നു.

ഇനി 11 മാസത്തിന്നു ശേഷമേ അക്കരെ സന്നിധാനത്തിൽ ആരും പ്രവേശനം പാടുള്ളു.

കുമ്പള പൊലീസ് വിട്ടലിലേക്ക്

കാസർക്കോട്: ആരിക്കാടി കടപ്പുറത്തു കണ്ട പിഞ്ചുകുട്ടികളുടെ മൃതദേഹങ്ങൾ തിരിച്ചറിയാൻ കുമ്പള പൊലീസ് കർണ്ണാടകയിലെ വിട്ടലിലേക്ക് പോയി.

ഒന്നര വയസ്സ് തോന്നിക്കുന്ന പെൺകുട്ടിയുടെയും മൂന്നര വയസ്സുള്ള ആൺകുട്ടിയുടെയും മൃതദേഹങ്ങളാണ് ജൂൺ 24നു ആരിക്കാടിയിൽ കണ്ടതു്. കുമ്പള പൊലീസ് ഇൻക്വസ്റ്റും പോസ്റ്റ്മോർട്ടവും നടത്തി. മൃതദേഹങ്ങൾ പിറേറന്നു മറവു ചെയ്തു. നാലു ദിവസം കഴിഞ്ഞിട്ടും ഇതു വരെ വിവരവുമായി ആരും എത്തിയിട്ടില്ല. അതിനിടയിലാണ് ജൂൺ 24നു തന്നെ കർണ്ണാടകയിലെ വിട്ടലിൽ ഒരമ്മയും 3 മക്കളും ഒലിച്ചു പോയതായി വിവരം ലഭിച്ചതു്. അമ്മയുടെയും കുട്ടിയുടെയും ശവങ്ങൾ കിട്ടിയിരുന്നു. മററു രണ്ടു കുട്ടികളുടെ ശവങ്ങളാണ് ആരിക്കാടിയിൽ കണ്ടതെന്നു സംശയിക്കുന്നു.

അമ്പലവയൽ ഹൈസ്കൂളിന് കെട്ടിടം പണിയണം

അമ്പലവയൽ: അമ്പലവയൽ ഗവ. ഹൈസ്കൂളിന്നു ആവശ്യമായ കെട്ടിട സൗകര്യം ഉടനെ ഏർപ്പെടുത്തണമെന്നു കേരളാ കോൺഗ്രസ് മണ്ഡലം ജനറൽ ബോഡി യോഗം ആവശ്യപ്പെട്ടു.

സ്കൂളിന്നു കെട്ടിട സൗകര്യമില്ലാത്തതിനാൽ നാട്ടുകാരായ വിദ്യാർത്ഥികൾ സമീപത്തുള്ള മററു സ്കൂളുകളെയാണ് ശരണം പ്രാപിക്കുന്നതെന്നു യോഗം ചൂണ്ടിക്കാട്ടി. കെ. ഭഗീരഥൻ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. കർഷകയൂനിയൻ ജില്ലാ സിക്രട്ടറി എ.എ മാത്യു, കേരളാ കോൺഗ്രസ് ജില്ലാ സിക്രട്ടറികെ.ജെ. ദേവസ്യ, എൻ.ജി. അച്ചൻകുഞ്ഞ്, വർഗീസ്, വിശ്വൻ, കുര്യൻ, സെബാസ്റ്റ്യൻ, ടി. സി. ജോസഫ് തുടങ്ങിയവർ സംസാരിച്ചു. കൃഷിക്കാർക്ക് തെങ്ങിൻ തൈകൾ അടിയന്തിരമായി എല്ലാ ഓഫീസ് വഴി വിതരണം ചെയ്യണമെന്ന് യോഗം ആവശ്യപ്പെട്ടു.

സമരം ഒത്തുതീർപ്പാക്കണം

കല്പററ: മാസങ്ങളായി നടന്നു വരുന്ന ഫിനാൻഷ്യൽ എൻറർ പ്രൈസസ്സിലെ സമരം ഒത്തു തീർപ്പാക്കണമെന്നു എൻ.ജി.ഒ. അസോസിയേഷൻ വയനാട് ജില്ലാ നിർവ്വാഹകസമിതി യോഗം ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡണ്ട് വി.എ. അഗസ്റ്റി ആദ്ധ്യക്ഷ്യം വഹിച്ചു. വി.സി. മാത്യു, വി.ടി. യോഹന്നാൻ, കെ.ജി. ഗോപകമാർ, എം. തോമസ്, കെ. വി. മാത്യു തുടങ്ങിയവർ സംസാരിച്ചു. ജില്ലാ സിക്രട്ടറി സി. കെ. ഏകനാഥകമാർ സ്വാഗതവും ജില്ലാ ജോയൻറ് സിക്രട്ടറി നാരായണൻ നന്ദിയും പറഞ്ഞു.

വായനശാലാ വാർഷികം

മൂലംകാവ്: മൂലംകാവ് നാഷനൽ ലൈബ്രറിയുടെ വാർഷിക പൊതുയോഗം പ്രസിഡണ്ട് ടി. കെ. കേശവന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പുതിയ ഭാരവാഹികളായി ടി. കെ. കേശവൻ (പ്രസി), എ. സുരേന്ദ്രൻ(വൈ. പ്രസി), പി. പി. തോമസ് (സിക്ര) എൻ. കെ. സോമസുന്ദരൻ (ജോ. സിക്ര) എന്നിവരെ തിരഞ്ഞെടുത്തു.

പ്രകൃതിസംരക്ഷണ ധർണ

കല്പററ: ചുരം സംരക്ഷണ മേഖലയായി പ്രഖ്യാപിക്കുക, ചുരത്തിന്നു ഭീഷണിയായിത്തീർന്നിട്ടുള്ള ലക്കിടി മീനാക്ഷി എസ്റ്റേററിലെ മരംമുറി ശാശ്വതമായി തടയുക, വയനാടിന്റെ വിവിധ ഭാഗങ്ങളിൽ നടന്നു വരുന്ന വനധ്വംസനം അവസാനിപ്പിക്കാൻ നടപടിയെടുക്കുക എന്നീ ആവശ്യങ്ങൾ അംഗീകരിച്ചു കിട്ടുന്നതിന്നു വേണ്ടി മുണ്ടക്കൈ ദുരന്തത്തിന്റെ ഒന്നാം വാർഷികദിനമായ ജൂലായ് ഒന്നിന് വയനാട് ജില്ലാ കലക്ടറേററിന്നു മുമ്പിൽ ചുരം സംരക്ഷണസമിതി, ശാസ്ത്ര സാഹിത്യ പരിഷത്ത്, വയനാട് പ്രകൃതി സംരക്ഷണസമിതി, ഫോറസ്ട്രി ബോർഡ് എന്നിവയുടെ ആഭിമുഖ്യത്തിൽ ആയിരക്കണക്കിന്നു ചെറുപ്പക്കാർ സത്യാഗ്രഹം നടത്തും.

ചുരം മേഖലയിൽ അവശേഷിച്ചിരിക്കുന്ന മീനാക്ഷി എസ്റ്റേററിലെ മരംമുറി വയനാട്ടിലുടനീളം ഉയർന്നു വന്ന പ്രതിഷേധത്തെ തുടർന്നു താൽക്കാലികമായി നിർത്തി വെച്ചിട്ടുണ്ടെങ്കിലും ഏതവസരത്തിലും പുനരാരംഭിക്കുവാനുള്ള ശ്രമം നടക്കുന്നുണ്ട്. ഏലത്തോട്ടമായി റജിസ്റ്റർ ചെയ്യപ്പെട്ട എസ്റ്റേററിന്റെ ചില ഭാഗങ്ങളിൽ നിന്നു ഏലച്ചെടികൾ പിഴുതു മാററി കാപ്പി തോട്ടമാണെന്നു വരുത്തിത്തീർത്ത് കാപ്പി ബോർഡിന്റെ കല്പററ ലെയ്സൺ ഓഫീസർ അനധികൃതമായി നൽകിയ 15 ഏക്ര സ്ഥലത്തെ തണൽ ക്രമീകരിക്കുന്നതിന്നുള്ള സർട്ടിഫിക്കററ് ഉപയോഗിച്ചാണ് നിബിഡവനങ്ങൾ മൊട്ടയടിക്കുവാനുള്ള ശ്രമം ഉണ്ടായത്.

വനനശീകരണത്തെത്തുടർന്നു വയനാടൻ കാലാവസ്ഥയും പ്രകൃതിയും പ്രകടമായി കാലം തെററിയിരിക്കുന്നു. ഉരുൾപൊട്ടലും മലയിടിച്ചലും വെള്ളപ്പൊക്കവും വരൾച്ചയും വർഷംതോറും അവർ സഹിക്കുന്നു. ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണാൻ ജൂലായ് ഒന്നിനു വയനാട് ജില്ലാ കലക്ടറേററിന്നു മുമ്പിൽ പ്രകൃതി വനസംരക്ഷണ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന സത്യാഗ്രഹത്തിലും തുടർന്നുള്ള പ്രക്ഷോഭസമര പ്രചരണ പരിപാടികളിലും സഹകരിക്കണമെന്നു എല്ലാവരോടും പ്രകൃതി സംരക്ഷണസമിതി ആവശ്യപ്പെട്ടിട്ടുണ്ട്.

യുവതിയെ കാണാനില്ല

കാസർകോട്: കോയിപ്പാടി കടപ്പുറത്തെ ആയിഷ (20) എന്ന യുവതിയെ ജൂൺ 21 മുതൽ കാണാനില്ല. കടൽ തീരത്തു് വെളിക്കിറങ്ങാൻപോയതായിരുന്നുവത്രെ യുവതി.

പ്രീഡിഗ്രിക്ക് സീററ് കൂട്ടണം

പുൽപ്പള്ളി: പുൽപ്പള്ളി പഴശ്ശിരാജാ കോളേജിൽ പ്രീ ഡിഗ്രി മൂന്നും നാലും ഗ്രൂപ്പുകൾക്ക്അടിയന്തിരമായി സീററുകൾ വർദ്ധിപ്പിക്കണമെന്നും രണ്ടും ഒന്നും ഗ്രൂപ്പുകൾ അനുവദിക്കണമെന്നും മുള്ളൻകൊല്ലി മണ്ഡലം കോൺഗ്രസ്സ് കമ്മിററി യോഗം ആവശ്യപ്പെട്ടു. എം.കെ. ഇമ്മാനുവൽ ആദ്ധ്യക്ഷ്യം വഹിച്ചു.

സിമ്പോസിയം

മാനന്തവാടി: ശ്യാമപ്രസാദ് മുഖർജി വിചാർവേദി വയനാട് ജില്ലാ കമ്മിററിയുടെ ആഭിമുഖ്യത്തിൽ ജൂൺ 30 ഞായറാഴ്ച, കല്പററയിൽ ''ഏകീകൃത സിവിൽ നിയമം ദേശീയോൽഗ്രഥനത്തിന്നു ആവശ്യമാണോ?' എന്ന വിഷയത്തെ കുറിച്ച് സിമ്പോസിയം നടത്താൻ തീരുമാനിച്ചു.

വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികളും സാമൂഹ്യപ്രവർത്തകരുംസിമ്പോസിയത്തിൽ പങ്കെടുക്കുമെന്ന് വിചാർവേദി വയനാട് ജില്ലാ പ്രസിഡണ്ട് അഡ്വ. പി. ആർ. ബാലകൃഷ്ണൻ അറിയിച്ചു.

വൈദ്യുതി എത്തിക്കണം

മീനങ്ങാടി: താഴത്തുവയൽ, കമ്പളേരിപ്രദേശങ്ങളിൽ വൈദ്യുതിഎത്തിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നു കേരള കോൺഗ്രസ്സ് താഴത്തുവയൽ യൂനിററ് കമ്മിററി ആവശ്യപ്പെട്ടു. കെ എം. സ്റ്റീഫൻമാസ്റ്റർ ആദ്ധ്യക്ഷ്യം വഹിച്ച യോഗത്തിൽ ജില്ലാ സിക്രട്ടറി കെ ജെ ദേവസ്യ പി സി തോമസ്,പൈലി,കെ ജെ പീററർ എന്നിവർ പ്രസംഗിച്ചു.



കോൺഗ്രസ് വർക്കേഴ്സ്ഫോറം ജില്ലാ സെക്രട്ടറി കെ. ദേവരാജൻ

തിയേററർ ഉടമകളുടെ ശ്രദ്ധക്ക്

Photophone Companyയുടെ പ്രൊജക്ററർ സ്പേർപാർട്സ് ഡീലറായി ഞങ്ങളെ നിയമിച്ചകാര്യം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു. എല്ലാവിധ പ്രൊജക്ററർ സ്പേർ പാർട്സുകൾക്കും സമീപിക്കുക:

A. RAJAMANI
STAR CINE CENTRE
18/73 Chitra Buildings, Kallai Road, CALICUT-673 002
Phone: PP 75272 Resi: 60765

പ്രതിഭാസംഗമം

സി.എച്ച്. ഹരിദാസ്



എഡിററുചെയ്ത (33 തെരഞ്ഞെടുത്ത കഥകൾ) ഓഗസ്റ്റിൽ പുറത്തിറക്കുന്നു.
കഥാപാനം: ആഷാമേനോൻ
ജൂലൈ 31നു മുമ്പ് 10 രൂപ അടച്ച് പേര് റജിസ്റ്റർ ചെയ്യുന്നവർക്ക് 20 രൂപയ്ക്ക് ലഭിക്കുന്നു.
പി. കെ. ബ്രദേഴ്സ്
എസ്. എം. സ്ട്രീററ്
കോഴിക്കോട്—1

മീനങ്ങാടി: ഗവ. കോളജ് തുടങ്ങണം

മീനങ്ങാടി: ഇവിടെ സർക്കാർ കോളജ് അനുവദിക്കണമെന്ന ലോക് ദൾ മീനങ്ങാടി ഏരിയ കൺവെൻഷൻ ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡൻറ് എബ്രഹാം ബൻഹർ ഉദ്ഘാടനംചെയ്തു. സി. പി. വർഗീസ് ആധ്യക്ഷ്യംവഹിച്ചു. എം. കെ. ജോർജ്, പി. കെ. സ്കറിയ, പി. സീതി, കെ. ശിവൻ, എ. എം. പൗലോസ്, കെ. ടി. കൃഷ്ണൻനായർ, കിളിനാൽ കുഞ്ഞപ്പൻ എന്നിവർ പ്രസംഗിച്ചു.

തൊണ്ടി കണ്ടെടുത്തു

മാനന്തവാടി: എരുമത്തെരുവിലെ സംഗീത് റേഡിയോസിൽനിന്നു കളവുപോയ വാച്ചുകളിൽ അറുപതെണ്ണം മൈസൂരിലെ ശേഖരൻ എന്നാളുടെ വർക്ക്ഷോപ്പിൽനിന്നു മാനന്തവാടി പോലീസ് സർക്കിൾഇൻസ്പെക്ടർ കെ. പി. അസ്സു കണ്ടെടുത്തു.

സംസ്ഥാനാന്തര കാർ മോഷണക്കേസിൽ നാടാപുരത്തു പിടിയിലായ മാനന്തവാടി സ്വദേശി റോബി ജോൺസൺ മൈസൂരിൽ കൊണ്ടുപോയി വിററതാണത്രേ ഈ വാച്ചുകൾ. മോഷ്ടിച്ച ഒരു ടേപ്പ്റിക്കാർഡർ പൊളിഞ്ഞ നിലയിൽ ചാർമ്മാഡികുന്നിലേയ്ക്കു പോകുന്ന വഴിക്കുള്ള കാംവർട്ടിനടിയിൽനിന്നു കണ്ടെടുത്തു. ഒരു ടേപ്പ്റിക്കാർഡർ പ്രതികളെ പിടികൂടുമ്പോൾതന്നെ കണ്ടെടുത്തിരുന്നു. കേടുവന്നവയാണെന്നു തോന്നിയ പല വാച്ചുകളും തോൽപ്പെട്ടി കാടുകളിലേയ്ക്ക് എറിഞ്ഞിട്ടുണ്ടത്രേ.

സ്കൂൾ ഇലക്ഷൻ

കൽപ്പററ: ഈ വർഷത്തെ സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പുകൾ ജൂലൈ അഞ്ചിനു നടത്തും. മുസ്ലീം സ്കൂളുകളിലെ തെരഞ്ഞെടുപ്പ് ജൂലൈ ആറിനായിരിക്കും. ജൂലൈ ഒന്നിനു നാമനിർദ്ദേശ പത്രിക സ്വീകരിക്കുന്നതും രണ്ടിനു സൂക്ഷ്മപരിശോധന നടത്തുന്നതുമാണ്. മൂന്നാം തീയതി നാലു മണിവരെ പത്രിക പിൻവലിക്കാം. എല്ലാ സ്കൂളുകളിലും ഈ തീയതികളിൽ തെരഞ്ഞെടുപ്പു നടത്തണമെന്നു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

വിതരണംചെയ്തു

മാനന്തവാടി: ചെറുകാട്ടൂർ ഗ്രാമ വികസന സമിതിയുടേയും ഉപാസന ആർട്സ് ആൻഡ് സ്പോർട്സ് ക്ലബിൻേറയും ആഭിമുഖ്യത്തിലുള്ള വൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം ഫാ. അഗസ്റ്റിൻ കണ്ണാടിക്കര നിർവഹിച്ചു.

പോൾ ചെറുകാട്ടൂർ, എം. ജി. ബേബി, സി. സുരേഷ്, കെ. പി. തോമസ്, കെ.സി. മാണി എന്നിവർ പ്രസംഗിച്ചു.

സോഷ്യൽ ഫോറസ്ട്രി വിഭാഗമാണ് തൈകൾ സൗജന്യമായി നൽകിയത്.

പരിഹരിക്കണം

വാഴവററ: വാഴവററയിൽ നിന്നും മാമലക്കുന്നിലേയ്ക്കുള്ള റോഡിൻെറ ശോചനീയാവസ്ഥ പരിഹരിക്കണമെന്നു മുട്ടിൽ മണ്ഡലം കേരള കോൺഗ്രസ് യോഗം ആവശ്യപ്പെട്ടു. എൻ. ഡി. ജോസഫ് അധ്യക്ഷനായിരുന്നു. ജോസ് കൈതമററം, കെ. എം. ദേവസ്യ, കെ. ജെ. ദേവസ്യ, എം. സി. സെബാസ്റ്റ്യൻ, ജേക്കബ് ചാക്കോ, എം. വി. ബേബി, വി. ടി. തോമസ്, കെ. എസ്. സ്കറിയ, ജോൺ ജോർജ് എന്നിവർ പ്രസംഗിച്ചു.

മാനന്തവാടിയിൽ 11 വീട് തകർന്നു

മാനന്തവാടി: ശക്തമായ മഴയെ തുടർന്നു മാനന്തവാടി താലൂക്കിൽ പതിനൊന്നു വീടുകൾ തകർന്നു.

വെള്ളമുണ്ട പുൽത്തണ ഗിരിജൻ കോളനിയിലെ ആറും, കാപ്പുമ്മൽ കോളനിയിലെ മൂന്നും വീടുകൾപാടേ തകർന്നിട്ടുണ്ട്. ഗിരിജന ക്ഷേമവകുപ്പിൽ നിന്നു നിർമിച്ചുകൊടുക്കുന്നവയാണ് ഈ വീടുകൾ. ഇവയുടെ പണി പകുതി മാത്രമേ നടന്നിട്ടുള്ളൂ. വീട് വീണതിനെ തുടർന്നു താമസിക്കാനിടമില്ലാത്ത ഒരു ആദിവാസി കുടുംബത്തെ വെള്ളമുണ്ട പോലീസ് മാററി താമസിപ്പിച്ചു.

പേര്യയിലെ പുത്തററ ഏലിയുടെ വീടും, നല്ലൂർനാട് കന്ദമംഗലത്തെ അമ്മിണിയുടെ വീടും മഴയിൽ വീണു. പനമരം പഞ്ചായത്തിൽ പുഴയോരത്തെ നാല് കുടുംബങ്ങളെ മാററി പാർപ്പിച്ചു.

മാററിപാർപ്പിക്കണം

വയനാടൻ ചുരം ഇടിഞ്ഞു തുടങ്ങിയതിനാൽ ചുരത്തിൽ മേലേ പൊട്ടിക്കൈ, താഴെ തകരപ്പാടി എന്നീ പ്രദേശങ്ങളിൽ താമസിക്കുന്നവർ ഭയവിഹ്വലരായി കഴിയുന്നു.

ഇതിനടുത്തുള്ള മൂപ്പൻകുഴിയിൽ കഴിഞ്ഞവർഷം ഉരുൾപൊട്ടി എട്ടു പേർ മരണമടഞ്ഞു. ചുരത്തിൽ മണ്ണിടിച്ചിലുണ്ടായാൽ അതിനു താഴെയുള്ള നാല്പതോളം കുടുംബങ്ങളെ ബാധിക്കും. ഈ പ്രദേശം പുതുപ്പാടി ഒന്നാം വാർഡിലാണ്.

ഇവിടെ താമസിക്കുന്നവരിൽ ഭൂരിഭാഗവും മിച്ചഭൂമി പതിച്ചു കിട്ടിയവരാണ്. തലചായ്ക്കാൻ മറെറാരിടവും ഇല്ലാത്ത ഇവരെ സുരക്ഷിത സ്ഥാനത്തേയ്ക്കു മാററിപാർപ്പിക്കുവാൻ അധികൃതർ തയ്യാറാകണമെന്നു പൗരസമിതി ആവശ്യപ്പെട്ടു.

റിക്കാർഡ്മഴ

റിക്കാർഡ് സൃഷ്ടിച്ച മഴയാണ് കഴിഞ്ഞ ദിവസങ്ങളിൽ വയനാട്ടിൽ പെയ്തത്. ഇന്നലെ രാവിലെ എട്ടു മണിക്ക് അവസാനിച്ച 24 മണിക്കൂറിൽ വയനാട്ടിൽ 151.6 മില്ലിമീററർ മഴ പെയ്തു. തലേദിവസം 106.8 മില്ലിമീററർ മഴ പെയ്തു.

ഇന്നലെ ഉച്ചവരെ മഴയ്ക്ക് അല്പം ശമനം ഉണ്ടായെങ്കിലും ഉച്ചകഴിഞ്ഞപ്പോൾ മഴ വീണ്ടും ശക്തമായി. താഴ്ന്ന പ്രദേശങ്ങളിൽ നിന്നു വെള്ളം ഇറങ്ങിക്കഴിഞ്ഞിട്ടില്ല.

ചുരത്തിലെ തടസം നീക്കി ഗതാഗതം പുന:സ്ഥാപിച്ചുവെങ്കിലും മഴ തുടരുന്നതിനാൽ എവിടെയെല്ലാമാണ് ഇടിയുകയെന്നു പറയാൻ വയ്യ.

ശിൽപ്പശാല

കല്പററ: കാനറാ ബാങ്കിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഗിരിജനക്ഷേമ കേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഗിരിജനങ്ങൾക്കു വേണ്ടി നടത്തുന്ന ഏകദിന ശില്പശാല 29-നു 10 മണിക്ക് എസ്. കെ. എം. ജെ. ഹൈസ്കൂളിൽ വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസർ കെ. കെ. ജയദേവൻ ഉദ്ഘാടനം ചെയ്യും.

മോഷ്ടിച്ചു

തെക്കുംതറ: അമ്മാസഹായം യു. പി. സ്കൂളിൽ കള്ളൻ കയറിയതായി മാനേജർ കല്പററ പോലീസിൽ പരാതി നൽകി. സ്കൂളിൻെറ പൂട്ടു കുത്തിത്തുറന്ന് അകത്തു കയറിയ കള്ളൻ ആയിരം രൂപയോളം വിലവരുന്ന ചെമ്പുപാത്രങ്ങളും മററും മോഷ്ടിച്ചു.

വയനാട് ജില്ലാ ക്രിക്കററ് ലീഗ് ചാമ്പ്യൻഷിപ്പ് നേടിയ വയനാട് ക്രിക്കററ് ക്ലബിൻെറ ക്യാപ്ററൻ നാണയ്യ അഡ്വ. സി. സി. മാത്യു വിൽനിന്ന് ട്രോഫി സ്വീകരിക്കുന്നു.

പരിപാടികൾ ഇന്ന്

കൽപററ: എച്ച്. ഐ. എം. യു. പി. സ്കൂൾ: വയനാട് സാമൂഹ്യ വനവൽക്കരണ ഡിവിഷൻെറ ആഭിമുഖ്യത്തിൽ നടത്തുന്ന ഈ വർഷത്തെ പരിപാടികളുടെ ജില്ലാതല ഉദ്ഘാടനം മന്ത്രി എം. കമലം. മൂന്നുമണി.

ഏകീകൃത സിവിൽ നിയമം വേണം

ബത്തേരി: ദേശീയോദ്ഗ്രഥനത്തിന് ഏകീകൃത സിവിൽ നിയമം ആവശ്യമാണെന്നു ഭാരതീയ ജനതാ യുവമോർച്ച ജില്ലാ കമ്മിററി യോഗം അഭിപ്രായപ്പെട്ടു. ജൂലൈ ഏഴുവരെ ദേശീയോദ്ഗ്രഥനപക്ഷമായി ആചരിക്കുന്നതിനും തീരുമാനിച്ചു.

ഉദ്ധരിച്ചു പെരുവഴിയിൽ

മീനങ്ങാടി: ആദിവാസികളെ ഉദ്ധരിക്കാൻ വേണ്ടി നടപ്പാക്കിയ ഒരു പദ്ധതി ആദിവാസികൾക്കുള്ള കിടപ്പാടവും നഷ്ടപ്പെടുത്തി.

കൊട്ടമ്പത്തു പണിയ കോളനിയിൽ പണി പൂർത്തിയാകാതെ കിടന്ന ആറു വീടുകൾ തൊട്ടടുത്ത് ആദിവാസികൾ താമസിച്ചിരുന്ന വീടുകളുടെ മുകളിലേയ്ക്കു തകർന്നു വീണാണ് ഉള്ള കിടപ്പാടവും അവർക്കു നഷ്ടപ്പെട്ടത്.

എട്ടു വീടുകൾ പണിയാൻ കരാറെടുത്ത ആൾ ഇഷ്ടികയും ചളിയും ഉപയോഗിച്ചു ഭിത്തി നിരപ്പുവരെ ആറു വീടുകൾ പണിതു. പഴയ വീടുകളുടെ തൊട്ടടുത്തു പണിത ഈ വീടുകൾ കാററിലും മഴയിലും പഴയ വീടുകളുടെ മുകളിലേയ്ക്കു പതിക്കുകയായിരുന്നു.

പുതിയ വീടുകളുടെ നിർമാണത്തിൽ അഴിമതിയുണ്ടെന്നു നേരത്തേ വ്യാപകമായ പരാതി ഉയർന്നിരുന്നു. പുതിയ വീടു മോഹിച്ചു കിടപ്പാടം പോലും നഷ്ടപ്പെട്ട ഈ കുടുംബങ്ങളെ കാരച്ചാൽ ഗവൺമെൻറ് എൽ. പി. സ്കൂളിലേയ്ക്കു മാററി പാർപ്പിച്ചു.

കെട്ടിടംപണിയണം

അമ്പലവയൽ: ഗവ. ഹൈസ്കൂളിനാവശ്യമായ കെട്ടിടം നിർമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നു കേരള കോൺഗ്രസ് മണ്ഡലം ജനറൽബോഡി ആവശ്യപ്പെട്ടു. കെ. ഭാഗീരഥൻ അധ്യക്ഷനായിരുന്നു. കെ. ജെ. ദേവസ്യ, എ. എം. മാത്യു, വി. ടി. വർഗീസ്, പി. വിശ്വൻ എന്നിവർ പ്രസംഗിച്ചു.

തടയണമെന്ന്

പുല്പള്ളി: ഇരുളം ഗവ. ഹൈസ്കൂൾ വരാന്തയും പരിസരവും അഭയാർഥി താവളമാക്കുന്നത് തടയണമെന്നു കെ. എസ്. യു—ഐ ജില്ലാ കൺവീനർ കെ. ജെ. മാണി ആവശ്യപ്പെട്ടു.

ഷിഫ്ററ്നിർത്തണം

ചെതലയം: ചേനാട് ഗവ. ഹൈസ്കൂളിന് പുതിയ കെട്ടിടം പണിത് ഷിഫ്ററ് നിർത്തലാക്കണമെന്നു യൂത്ത് കോൺഗ്രസ് ബത്തേരി മണ്ഡലം സെക്രട്ടറി പൗലൂസ് പഴുക്കാളി ആവശ്യപ്പെട്ടു.

പ്രത്യേകക്ലാസ്

ചെന്നലോട്: സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡിൻെറയും ചെന്നലോട് ഫാമിലി വെൽഫെയർ സൊസൈററിയുടെയും സംയുക്താഭിമുഖ്യത്തിൽ എസ്. എസ്. എൽ. സി. തോററ പെൺകുട്ടികൾക്ക് മാത്രമായി ക്ലാസ് തുടങ്ങും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30.

മഴ വരുത്തിയ വിന: ഇടവിടാതെ പെയ്ത മഴയിൽ തലപ്പാറയിലെ വയലുകളും കൃഷിത്തോട്ടങ്ങളും പമ്പ്ഹൗസുകളും ഒരാൾപൊക്കത്തിൽ വെള്ളം വിഴുങ്ങിയനിലയിൽ. —മനോരമ

ഇല. പോസ്ററ് വീഴാറായി

മുള്ളൻകൊല്ലി: ലോറിയിടിച്ച് ഒടിഞ്ഞ ഇലക്ട്രിക്ക് പോസ്റ്റ് ഏതു സമയവും നിലംപതിക്കാവുന്ന നിലയിൽ മുള്ളൻകൊല്ലി ടൗണിൽ നിൽക്കാൻ തുടങ്ങിയിട്ട് ആഴ്ചകളായി. എന്നിട്ടും ഇലക്ട്രിസിററി ബോർഡ് ഇതു കണ്ട ഭാവമേ നടിക്കുന്നില്ല.

തിയേററിലേയ്ക്കു തിരിയുന്ന റോഡിലുള്ള ഈ പോസ്റ്റ് താഴെ വീഴാതെ നിൽക്കുന്നതു മുകളിലുള്ള നാലു കമ്പികളുടെ ബലത്തിലാണ്. മഴയിലും കാററിലും പോസ്റ്റ് നിലം പതിച്ചാൽ അപകടങ്ങളുണ്ടാകാനിടയുണ്ട്.

ബസുകളുടെ മൽസര ഓട്ടംമൂലം നഷ്ടം

കൽപ്പററ: സ്വകാര്യ ബസുകൾക്ക് പെർമിററ് നൽകുന്ന റൂട്ടുകളിൽ സ്വകാര്യ മേഖലയെ തകർക്കാൻ കെ. എസ്. ആർ. ടി. സി. മത്സരഓട്ടം നടത്തുന്നു. ഇതിൻെറ നഷ്ടം കെ. എസ്. ആർ. ടി. സി.ക്കും നാട്ടുകാർക്കും തന്നെ.

പനമരം, ബീനാച്ചി, പുൽപ്പള്ളി റൂട്ടുകളിൽ മത്സരഓട്ടം നടത്തുന്ന കെ. എസ്. ആർ. ടി. സി. ബസുകൾക്കു വരുമാനം വളരെ കുറവാണ്. അതേ സമയം സ്വകാര്യ ബസില്ലാത്ത അമ്പലവയൽ, മേപ്പാടി പ്രദേശങ്ങളിലേയ്ക്കു ബസുകൾ തീരേയില്ല. ഇതു യാത്രക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു.

ബസുകളുടെ സ്ഥിതി ശോചനീയം

കൽപ്പററ: സൈഡ്കർട്ടൻ കീറിപ്പറിഞ്ഞു നനഞ്ഞൊലിക്കുന്ന ബസുകൾ. ഇരിക്കാൻ കഷ്ടിച്ച് സീററിനു പകരം കൂർത്തു മൂർത്ത ആണികൾ തല ഉയർത്തിനിൽക്കുന്ന പലക. വയനാട്ടിലെ മിക്ക ഓർഡിനറി ബസുകളുടേയും സ്ഥിതി ഇതാണ്.

ചില ബസുകൾക്ക് സൈഡ് കർട്ടനേ ഇല്ല. ദ്രവിച്ചുതുടങ്ങിയ സൈഡ്കർട്ടനുള്ള ബസുകളുടെ അകം കുളം പോലെയാണ്. യാത്രക്കാരുടെ കുടകളിൽനിന്നു വീഴുന്ന വെള്ളം കൂടിയാകുമ്പോൾ സ്ഥിതി വീണ്ടും വഷളാകും. ബസിൻെറ ബോഡി ചോർന്നൊലിക്കുന്ന തുള്ളിവെള്ളം യാത്രക്കാരുടെ വസ്ത്രങ്ങളാകെ കേടുവരുത്തും.

സ്വതവേ തണുപ്പു കൂടിയ വയനാട്ടിൽ കൽപ്പാടം മൂടിക്കിടക്കുന്ന വെള്ളത്തിൽനിന്നു കോച്ചി വിറച്ചു യാത്ര ചെയ്യേണ്ട യാത്രക്കാരൻെറ സ്ഥിതി ദയനീയമാണ്.

നിരവിൽ പുഴ ഒററപ്പെട്ടു

മക്കിയാട്: തോരാതെ പെയ്ത മഴമൂലമുണ്ടായ വെള്ളപ്പൊക്കം നിരവിൽപുഴ, മട്ടില്ലയം, വാളാംതോട്, കുഞ്ഞോം, പോർലോം, കരിമ്പിൽ, പാലേരി എന്നീ പ്രദേശങ്ങളെ അക്ഷരാർഥത്തിൽ ഒററപ്പെട്ട ദ്വീപുകളാക്കി മാററി.

ജനങ്ങൾ ബാഹ്യലോകവുമായി ബന്ധപ്പെടാൻ കഴിയാതെ വലയുകയാണ്. നിരവിൽപുഴ പാലം വെള്ളത്തിൽ മുങ്ങിയതുകാരണം നിരവിൽപുഴയിലേയും കുഞ്ഞോത്തേയും ജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തിനു കൈയും കണക്കുമില്ല. അത്യാവശ്യ സാധനങ്ങൾ പോലും വാങ്ങാൻ കഴിയാത്ത സ്ഥിതിയാണ്.

മെയ് 19—ന് ഉപമുഖ്യമന്ത്രി അവുക്കാദർകുട്ടി നഹ ജനങ്ങൾക്കു തുറന്നു കൊടുത്ത നിരവിൽപുഴ പാലം കാണാനേയില്ല. പാലത്തിൻെറ മുകളിൽ രണ്ടാൾ പൊക്കത്തിൽ വെള്ളമാണ്.

വർഷക്കാലത്ത് ഈ പി. ഡബ്ല്യു. ഡി. പാലം ശാപമായി തീർന്നിരിക്കുകയാണ്. പണ്ടായിരുന്നെങ്കിൽ പഞ്ചായത്ത് വക മരപ്പാലമുണ്ടായിരുന്നു. വാഹനങ്ങൾക്ക് പോകാൻ കഴിയുകയില്ലായിരുന്നെങ്കിലും ജനങ്ങൾക്ക് അക്കരെ ഇക്കരെ പോകാമായിരുന്നു. പുതിയ പാലം വന്നതോടെ മരപ്പാലം പൊളിച്ചു നീക്കിയതുകാരണം ഇപ്പോൾ അതിനും വയ്യാത്ത സ്ഥിതിയാണ്.

നിരവിൽപുഴ പാലം ഉയരം കുറച്ചു പണിതതാണ് ഇവിടത്തെ പ്രശ്നത്തിൻെറ അടിസ്ഥാന കാരണം. മററു പാലങ്ങളെ അപേക്ഷിച്ച് ഈ പാലത്തിന് ഉയരം വളരെ കുറവാണ്. മുമ്പ് ഉണ്ടായിരുന്ന റോഡ് മണ്ണെടുത്ത് ഇടിച്ചു താഴ്ത്തിയശേഷമാണ് പുതിയ പാലം പണിതത്. ലക്ഷക്കണക്കിനു രൂപ ചെലവാക്കിയെങ്കിലും ഒരു പ്രയോജനവുമില്ലാതായിരിക്കുന്നു. പഴയമരപ്പാലമുണ്ടായിരുന്നെങ്കിൽ ജനങ്ങൾക്ക് ഇപ്പോഴും അയൽ പ്രദേശങ്ങളുമായി ബന്ധപ്പെടാൻ കഴിയുമായിരുന്നു.

നിരവിൽ പുഴ പാലം ഇത്ര കയരം കുറച്ചു പണിതതുകാരണം വയനാട്ടിലേയ്ക്കുള്ള പ്രധാന ബദൽ റോഡായി നിരവിൽപുഴ — പക്രന്തളം—കററിയാടി റോഡിനെ മാററാൻ ഇനി കഴിയുമെന്നു തോന്നുന്നില്ല.

കുഞ്ഞോം—നിരവിൽപുഴ റോഡിലെ കമ്മനപാലത്തിൻെറയും വാളാംതോട് പാലത്തിൻെറയും പണി ഇനിയും മുഴമിപ്പിച്ചിട്ടില്ല. കമ്മന പാലം പണി തീരാത്തതുകാരണം കുഞ്ഞോത്തെ ജനങ്ങൾക്ക് അയൽ പ്രദേശങ്ങളുമായി ബന്ധപ്പെടാൻ കഴിയാത്ത സ്ഥിതിയാണ്.

നിരവിൽപുഴയിലെ ജനങ്ങൾക്ക് അയൽ പ്രദേശങ്ങളുമായി ബന്ധപ്പെടാൻ സംവിധാനമുണ്ടാക്കണമെന്നു ഡി. ഡി. സി. മെമ്പർ സി. ജെ. ജോണി ആവശ്യപ്പെട്ടു.

'സംസ്ഥാന വരുമാനം: കേന്ദ്രം ഇടപെടരുത്"

കോഴിക്കോട്: ആസൂത്രണ കമ്മിഷനും, ധനകാര്യ കമ്മിഷനും ഒരൊറ്റ ഘടകമായി ഉടച്ചുവാർക്കുകയും സംസ്ഥാനത്തിൻെറ വരുമാനമാർഗങ്ങളിൽ കേന്ദ്രത്തിൻെറ ഏകപക്ഷീയമായ കൈന്നാക്രമണം അവസാനിപ്പിക്കുകയും ചെയ്യണമെന്നു കോൺഗ്രസ്—എസ് അഖിലേന്ത്യാ സെക്രട്ടറി കെ. പി. ഉണ്ണികൃഷ്ണൻ എം. പി. നിർദേശിച്ചു.

കേന്ദ്രത്തിൻെറ മുമ്പിൽ സംസ്ഥാനങ്ങൾ ഭിക്ഷാപാത്രവുമായിനിൽക്കേണ്ട അവസ്ഥയാണിന്നുള്ളതെന്ന് ഉണ്ണികൃഷ്ണൻ പറഞ്ഞു. സി. കെ. ഗോവിന്ദൻനായരുടെ ചരമദിനത്തോടനുബന്ധിച്ച് കേന്ദ്ര—സംസ്ഥാന സാമ്പത്തികബന്ധത്തെപ്പററി സംഘടിപ്പിച്ച സിമ്പോസിയത്തിൽ വിഷയമവതരിപ്പിക്കുകയായിരുന്നു അദ്ദേഹം.

റിട്ട. ജസ്റ്റിസ് ടി. ചന്ദ്രശേഖരമേനോൻ ആധ്യക്ഷ്യംവഹിച്ചു. മുൻ മുഖ്യമന്ത്രി പി. കെ. വാസുദേവൻനായർ, മുൻ മന്ത്രി ബേബിജോൺ, മാർക്സിസ്റ്റ് നേതാവ് വി. വി. ദക്ഷിണാമൂർത്തി എന്നിവർ പ്രസംഗിച്ചു. സി. കെ. ജി. അനുസ്മരണകമ്മിററി ചെയർമാൻ എ. ശങ്കരൻ സ്വാഗതവും എം. സി. കണാരൻ നന്ദിയും പറഞ്ഞു.

റോഡ് പൊളിഞ്ഞു

കാക്കവയൽ: മുട്ടിൽ—മാണ്ടാട് റോഡിൽ ആവശ്യമായ വെള്ളച്ചാൽ നിർമിക്കാത്തതു കാരണം വെള്ളം റോഡിൽ കൂടി ഒഴുകി റോഡ് പൊട്ടിപ്പൊളിഞ്ഞു ഗതാഗതയോഗ്യമല്ലാതായി.

വി. കെ. കേശവദാസ് ആധ്യക്ഷ്യംവഹിച്ചു. ഇ. പി. ശിവദാസ്, എൻ. വെള്ളൻ, എ. സി. നന്ദനൻ, ടി. എ. രാജഗോപാലൻ എന്നിവർ പ്രസംഗിച്ചു.

മുരണിപ്പുഴ പാലം പണി തീർക്കണം

മുരണി: അമ്പലവയൽ പഞ്ചായത്തും മീനങ്ങാടി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന കാരച്ചാൽ റോഡിലെ മുരണി തോടിനുള്ള പാലം പണി ഉടൻ പൂർത്തിയാക്കണമെന്നു കേരള കർഷക യൂണിയൻ ജില്ലാ സെക്രട്ടറി എ. എം. മാത്യുവിൻെറ അധ്യക്ഷതയിൽ ചേർന്ന യോഗം ആവശ്യപ്പെട്ടു.

മീനങ്ങാടി: അമ്പലവയലുമായി ബന്ധിപ്പിക്കുന്ന റോഡിലെ മുരണി പുഴയ്ക്ക് പാലം നിർമിക്കണമെന്നു കെ. ജെ. ദേവസ്യയുടെ അധ്യക്ഷതയിൽ ചേർന്ന പൗരസമിതി യോഗം ആവശ്യപ്പെട്ടു.

തുറക്കണം

അമ്പലവയൽ: പഞ്ചായത്ത് ആസ്ഥാനത്ത്പണിതീർന്നിട്ടുള്ള ഓപ്പൺ എയർ തീയേററും, കമ്യൂണിററി ഹാളും തുറന്നു കൊടുക്കണമെന്നു ജില്ലാ വികസന സമിതിയംഗം കെ. ജെ. ദേവസ്യ ആവശ്യപ്പെട്ടു.

ഒത്തുതീർക്കണം

കല്പററ: ഫിനാൻഷ്യൽ എൻറർപ്രൈസസ് ജീവനക്കാരുടെ സമരം എത്രയുംവേഗം ഒത്തുതീർപ്പാക്കണമെന്നു കേരള എൻ. ജി. ഒ. അസോസിയേഷൻ ജില്ലാ നിർവാഹക സമിതി യോഗം ആവശ്യപ്പെട്ടു. പ്രസിഡൻറ് വി. എ. അഗസ്റ്റി അധ്യക്ഷനായിരുന്നു. ഇ. ബി. മാത്യു, വി. ടി. യോഹന്നാൻ, കെ. ജി. ഗോപകുമാർ, എം. തോമസ്, കെ. വി. മാത്യു എന്നിവർ പ്രസംഗിച്ചു.

വിവാഹിതരായി

തിരുവനന്തപുരം: ജനത—ജി സംസ്ഥാന പ്രസിഡൻറ് കെ. ഗോപാലൻ എം. പി.യുടെ പുത്രി മീനയും ബിവറേജ് കോർപറേഷൻ ഉദ്യോഗസ്ഥൻ നെവിലും വിവാഹിതരായി. ഗവർണർ പി. രാമചന്ദ്രൻ, മുഖ്യമന്ത്രി കെ. കരുണാകരൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

മലപ്പുറം: പരേതനായ വി. ടി. നാരായണൻകുട്ടിനായരുടെ പുത്രി നീനയും പാലക്കാട് എടത്തറയിലെ പരേതനായ കാക്കശ്ശേരി മാധവൻനായരുടെ പുത്രൻ ഹരിദാസും വിവാഹിതരായി.

വിനോദരംഗം

റേഡിയോ

കോഴിക്കോട്

6.05 പ്രഭാതഗീതം, 6.25 വായ്പാട്ട് — അനന്തലക്ഷ്മി ശതഗോപൻ, 7.05 ലളിതസംഗീതപാഠം, 7.35 വിദ്യാർഥികൾക്കുവേണ്ടി, 7.50 ഗാന്ധിമാർഗം, 8.21 ഹിന്ദിപാഠം, 8.35 ഭക്തി ഗാനങ്ങൾ, 9.00 വിംബിൾഡൻ ടെന്നിസ്, 12.40 ഗ്രാമശ്രീ, 6.05 വാർത്താ പത്രിക—തൃശൂർ, 7.35 വഴിവിളക്ക്, 7.45 വാർത്താതരംഗിണി, 8.00 നാടകം, കടത്തനാട്ടു തമ്പുരാൻ, 8.30 വാദ്യ വൃന്ദ, 9.16 അധ്യാപകർക്കുവേണ്ടി, 9.30 നഗര പ്രതിസന്ധി, 10.00 ദക്ഷിണ മേഖലാ സംഗീത കച്ചേരി.

ടെലിവിഷൻ

6.03 ഇരുപതിന പരിപാടി, 6.20 ആരോഗ്യ പരിപാടി, 6.30 കുട്ടികൾക്കുള്ള പരിപാടി, 7.00 കൃഷിദർശൻ, 7.30 കഥകൻനൃത്തം, 7.40 ജ്ഞാനദീപം, 8.00 ചിത്രഹാർ, 8.30 യേ ജോ ഹൈ സിന്ദഗി, 9.00 ഹിന്ദി വാർത്ത, 9.20 അതിജീവിക്കൽ, 9.45 ഇന്ത്യയിലെ നാടൻ വാദ്യം, 10.00 ഇംഗ്ലീഷ് വാർത്ത, 10.20 ദേശീയ സംഗീത പരിപാടി, 10.50 പോപ്പ് സംഗീതം.

സിനിമ

കോഴിക്കോട്

ക്രൗൺA/c—Steve Mc Queen In THE HUNTER (3.15, 6.30, 9.30)
കോറണേഷൻ—ഒരു നോക്കു കാണാൻ മമ്മൂട്ടി, മേനക, അംബിക (3കളി)
രാധ—മയൂരി (കളർ) സുധാചന്ദ്രൻ (മലയാളം—3കളി)
ഡേവിസൺ—മാന്യമഹാജനങ്ങളെ മമ്മൂട്ടി, സീമ (3 കളി)
അപ്സര-Magnificient Body Guards-3D (3 Shows)
സംഗം — ഒന്നിങ്ങുവന്നെങ്കിൽ (2.30, 6.15, 9.30) മമ്മൂട്ടി, നാദിയ, പുഷ്പ—പുതുയുഗം (തമിഴ്) വിജയകാന്ത്, വിജി (3കളി)
ബ്ലൂ ഡയമണ്ട്—THE INSIDE MAN (Eng-Colour) 1.00, 3.00, 6.30, 9.30
ഗീത—ഇവിടെ തുടങ്ങുന്നു (3കളി) മോഹൻലാൽ, റഹ്മാൻ
ലീല—അക്കച്ചീടെ കുഞ്ഞുവാവ രതീഷ്, ശോഭ (3കളി)
ചന്ദ്ര—മഹാൻ (ഹിന്ദി—3കളി) അംജത്ഖാൻ, സീനത്തമൻ.
കല്പക—മുഖ്യമന്ത്രി (കളർ—3കളി) നസീർ, ശ്രീവിദ്യ, പപ്പ
ലക്ഷ്മി—ആ ദിവസം (3കളി) മോഹൻലാൽ, മമ്മൂട്ടി, സത്യകല

മാനന്തവാടി: മാരുതി—റിവഞ്ച് (3കളി) രതീഷ്, അനുരാധ
ശ്രീലക്ഷ്മി—നോക്കെത്താദൂരത്ത് കണ്ണും നട്ട് (3 കളി) മോഹൻലാൽ
N.Sh: HOT TOUCH

50 -ാം ദിവസം

തിരുവനന്തപുരം	-കൽപന
എറണാകുളം	-മൈമൂൺ (Noon Show)

Also Running at:

കൊല്ലം	-കപ്പിത്താൻസ്	കല്ലാച്ചി	-സുന്ദർ
ഹരിപ്പാട്	-സുരേഷ്	വളപട്ടണം	-വനജ
കോതമംഗലം	-ജവഹർ	തളിപ്പറമ്പ്	-ന്യൂഹരിഹർ
കുളനട	-സ്വാഗത്	മഞ്ചേരി	-ശ്രീദേവി
		പേരാമ്പ്ര	-മേഘ
		നീലേശ്വര	-നിത്യാനന്ദ
		തൃപ്പൂണിത്തുറ	-സെൻട്രൽ
		വടക്കാഞ്ചേരി	-തങ്കം



ശ്രീ സായ് പ്രൊഡക്ഷൻസ്

ഒരു സന്ദേശം കൂടി

നിർമ്മാണം: എസ്.ശിവപ്രസാദ്
തിരക്കഥ സംഭാഷണം സംവിധാനം: കൊച്ചിൻ ഹനീഫ്
സെൻട്രൽ പിക്ചേഴ്സ്

CLASSIFIED ADVERTISEMENTS

AGENTS WANTED

1986-ലെ ചിത്രകലണ്ടറുകൾ, ഓഫീസ് കലണ്ടറുകൾ, കീചെയിനുകൾ എന്നിവയ്ക്ക് ഓർഡർ ബുക്ക്ചെയ്യാൻ ഏജൻറുമാരെ ആവശ്യമുണ്ട്. കൂടുതൽ കമ്മീഷൻ, ബോണസ്. Raj Trading Company, Post Box No. 132, Sivakasi-626 123. 10408

1986-ലെ ചിത്ര കലണ്ടറുകൾ, ഓഫീസ് കലണ്ടറുകൾ, കീചെയിനുകൾ എന്നിവയ്ക്ക് ഓർഡർ ശേഖരിക്കാൻ ഏജൻറുമാരെ ആവശ്യമുണ്ട്. കൂടുതൽ കമ്മീഷൻ, ബോണസ്. Raj Fine Arts, Post Box No. 312, Sivakasi-626 123. 10378

ആവശ്യമുണ്ട്

വിജ്ഞാനകോശങ്ങൾ, നിഘണ്ടുക്കൾ എന്നിവയ്ക്ക് ഓർഡർ സ്വീകരിക്കാൻ എല്ലാ ജില്ലാ-താലൂക്ക് കേന്ദ്രങ്ങളിലും ഫീൽഡ് ഏജൻറുമാർ. ആകർഷകമായ ശമ്പളവും കമ്മീഷനും. കാഷ് സെക്യൂരിറ്റിയും ആൾജാമ്യവും ആവശ്യം. ബിരുദധാരികൾ മാത്രം ഒരാഴ്ചയ്ക്കുള്ളിൽ അപേക്ഷിക്കുക. മുൻപരിചയമുള്ളവർക്കു വിദ്യാഭ്യാസയോഗ്യതയിൽ ഇളവുണ്ട്. ലിറ്റിൽ പ്രിൻസ് പബ്ലിക്കേഷൻസ്, കോട്ടയം-686 001. PP995

EDUCATIONAL

അപേക്ഷ ക്ഷണിക്കുന്നു

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻെറ അംഗീകാരത്തോടെ തിരൂർ ആലത്തിയൂരിൽ നടത്തുന്ന വനിതാ ടൈലറിംഗ് സ്കൂളിൽ 1985—86-ൽ നീഡിൽ വർക്ക് (തയ്യൽ) പഠിക്കുന്നതിന് അർഹരായ പെൺകുട്ടികളിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ 7-ാംതരം പാസ്സായവരും 14—നും 22—നും മദ്ധ്യേ പ്രായമുള്ളവരും ആയിരിക്കണം. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് പ്രവേശനത്തിൽ മുൻഗണനയും ഫീസാനുകൂല്യങ്ങളും ഉണ്ടായിരിക്കുന്നതാണ്. അപേക്ഷാഫാറം ഇൻസ്റ്റിററ്യൂട്ടിൽനിന്ന് നേരിട്ട് ലഭിക്കുന്നതാണ്. അപേക്ഷ ഒരാഴ്ച്ചയ്ക്കകം സ്ഥാപനത്തിൽ ലഭിച്ചിരിക്കണം. ഇൻസ്ട്രക്ടർ, വനിതാ ടൈലറിംഗ് സ്കൂൾ (ഗവ. അംഗീകൃതം) പി. ഒ. ആലത്തിയൂർ, വഴി—ബി. പി. അങ്ങാടി, തിരൂർ. സി 1429

അപേക്ഷകൾ ക്ഷണിക്കുന്നു

I. T. I. Courseകളായ Motor Mechanic, Air-Conditioning & Refrigerationനും കൂടാതെ Affiliated Courseകളായ Automobile and Driving, Welding, Turner, Air-Condition, Television എന്നിവയ്ക്ക് അഡ്മിഷൻ തുടങ്ങിയിരിക്കുന്നു.

Principal.
HINDUSTAN INSTITUTE OF TECHNOLOGY
(Govt. Recognised)
Kalmandapam, Palghat.
C 1405

അപേക്ഷ ക്ഷണിക്കുന്നു

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻെറ അംഗീകാരത്തോടെ വളാഞ്ചേരി കോട്ടപ്പുറത്ത് നടത്തുന്ന ഹരിജൻ സ്നിതാ ടെക്നിക്കൽ ഇൻസ്റ്റിററ്യൂട്ടിൽ 1985—86 വർഷത്തിൽ നീഡിൽ വർക്ക് (തയ്യൽ) പഠിക്കുന്നതിന് അർഹരായ പെൺകുട്ടികളിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ 7-ാംതരം പാസ്സായവരും 14—നും 22—നും മ

ദ്ധ്യേ പ്രായമുള്ളവരും ആയിരിക്കണം. പട്ടികജാതി —പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് പ്രവേശനത്തിൽ മുൻഗണനയും ഫീസാനുകൂല്യങ്ങളും ഉണ്ടായിരിക്കുന്നതാണ്. അപേക്ഷാഫോറം ഇൻസ്റ്റിററ്യൂട്ടിൽനിന്ന നേരിട്ടു ലഭിക്കുന്നതാണ്. അപേക്ഷ ഒരാഴ്ചയ്ക്കകം സ്ഥാപനത്തിൽ ലഭിച്ചിരിക്കണം. ഇൻസ്ട്രക്ടർ, ഹരിജൻ സ്നിതാ ടെക്നിക്കൽ ഇൻസ്റ്റിററ്യൂട്ട്, കോട്ടപ്പുറം, പി.ഒ. വലിയകുന്ന്, മലപ്പുറം ജില്ല. സി 1428

M. A. & M. Com.
Previous & Final
1986 Examinations
ADMISSION COMMENCED
M.A. Economics, History, Sociology, English, Politics, Philosophy & M.Com.
(Kerala, Calicut, S.V.)
B.A., B.Com. (Mysore)
No basic qualifications.
Expert Correspondence Course & Guidance Classes.
Prospectus Rs. 5/-
POSTGRADUATE STUDY CENTRE, Pavangad,
Puthiyangadi P. O., CALICUT-21.
C 1400

ADMISSION OPENS
Vocational Training in Photography, Videography & Basic Cinematography.
Classes commence from July 1985. Contact: Academy of Graphic Arts, 39/256 A Pulleppady Road, Cochin-682 018. Ph: 34691. 10522

സ്ത്രീകൾക്കുമാത്രം

വിവിധ എൻജിനീയറിംഗ് ആൻഡ് നോൺ എൻജിനീയറിംഗ് കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. (സിവിൽ, ഡി. സിവിൽ, ടെലിക്കമ്യൂണിക്കേഷൻ, നിററിംഗ്, കട്ടിംഗ്, ടെയിലറിംഗ്, നീഡിൽ വർക്ക് ആൻഡ് ഡ്രസ്സ് മേക്കിംഗ്, എംബ്രോയിഡറി, റേഡിയോ ആൻഡ് ടെലിവിഷൻ etc. (S.S.L.C. pass, fail or completed) കുറഞ്ഞ ചെലവിലുള്ള ഹോസ്ററൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. അപേക്ഷാഫോറത്തിനും പ്രോസ്പെക്ടസിനും 6 രൂപ M.O. സഹിതം അപേക്ഷിക്കുക. സ്ത്രീകൾക്കുവേണ്ടി സ്ത്രീകളുടെ മാത്രം മേൽനോട്ടത്തിൽ നടത്തപ്പെടുന്ന സ്ഥാപനം.

Principal
SKYLARK I.T.C.
(Recognised by Govt.)
H.S. Junction
KARUVATTA, ADUR P.O.
Pathanamthitta Dist.
10411

FOR SALE

മേൽത്തരം വേപ്പിൻ പിണ്ണാക്ക് മൊത്തമായി വിൽപ്പാനുണ്ട്, സി. ഡി. ഫ്രാൻസിസ്, വലിയങ്ങാടി, കോഴിക്കോട്—1. സി 1420

'BRIMCO' 2½" low density Polythene Extruder and 'Gurmeet' 28" bag making machine for sale. Write: Box No. 4805, M. Manorama, Kottayam. 2026

SITUATIONS VACANT

മലപ്പുറം ജില്ലയിലെ ഒരു ഓട്ടോ സ്പെയർപാർട്ട് ഷോപ്പിലേയ്ക്ക് ഒരു സെയിൽസ്മാനെ ആവശ്യമുണ്ട്. ബോക്സ് നമ്പർ 2385, മനോരമ, കോഴിക്കോട്. സി 1425

കാർപെൻററി വിഭാഗത്തിൽ ഒരു ഇൻസ്ട്രക്ടറെ ആവശ്യമുണ്ട്. ഉടൻ അപേക്ഷിക്കുക. പ്രിൻസിപ്പൽ, C. S. I. ഇൻഡസ്ട്രിയൽ സ്കൂൾ, മഞ്ചേരി. സി 1427

അടുക്കളപ്പണി വശമുള്ള ആളെ ആവശ്യമുണ്ട്. (സ്ത്രീയോ, പുരുഷനോ). ബോക്സ് നമ്പർ 4800, മനോരമ, കോട്ടയം. 2025

WANTED 1. A Supervisor with 7 years' experience to control a Printing Press both Offset and Letterpress section. The candidate should have minimum 10 years' working experience and good command in English, and capable of controlling the press independently. 2. An Offset printer with 7 years' experience should have a good knowledge in colour printing works. Please send copies of Educational Qualification and Experience Certificate with minimum salary required to Box No. 4795, Manorama, Kottayam. 2024

REAL ESTATE

സ്ഥലം വിൽപ്പനക്ക്

പാലക്കാട് ടൗണിൽ ചൊക്കനാഥപുരം പള്ളിക്കു സമീപം, കോളേജ്, നേഴ്സറി സ്കൂൾ, ആശുപത്രി എന്നിവയ്ക്കടുത്ത് റോഡിനോട് തൊട്ട് 56 സെൻറ് സ്ഥലം ഒന്നിച്ചോ ഭാഗിച്ചോ കൊടുക്കും. ബോക്സ് നമ്പർ 2380, മനോരമ, കോഴിക്കോട്. സി 1422

RENTAL

OFFICE—CUM—RESIDENCE FOR RENT

Upstair building 2000 sq. ft. available for rent at Annie Hall Road, Calicut. Contact: P.N.M. Alikoya, Kozhikode-7. Phone: 75426. C 1423

PRECURED RETREADING
WANTED AGENTS THROUGHOUT KERALA FOR CANVASSING TYRES ON COMMISSION BASIS.
APPLY:
CALICUT TYRE RETREADING Co.
P. B. No. 75. CALICUT
C 1419

WANTED

10,000 ലിററർ കൊള്ളുന്നതും നല്ല കണ്ടീഷനുള്ളതുമായ M.S. ടാങ്ക് (Tank) ഉടനെ ആവശ്യമുണ്ട്. വിലയും വിശദവിവരങ്ങളും താഴെ വിലാസത്തിൽ അറിയിക്കുക.
K. V. Basheer, P. B. No. 87, Calicut-673001 C 1426

QUOTATION NOTICE

THE KERALA AGRO INDUSTRIES CORPORATION LIMITED
(A Government Undertaking)
Regd. Office: "Kissan Jyothi" Fort, Trivandrum-695 023 Kerala

Sealed quotations are invited for the supply of about 100 Nos. M.S. Axle Assembly sets (with brake drums and wheels etc.) suitable for 1.5 ton capacity Power Tillers on rate contract for the year 1985-86.

Further details can be had from the office of the undersigned.

The last date for receipt of quotations is 16th July 1985, upto 11.00 A.M. The quotations will be opened on the same day at 11.30 P.M. by the Chief Engineer of the Corporation.

(Sd/-) Managing Director.
Trivandrum,
15-6-1985. C 1418

മിലിട്ടറി എൻജിനീയർ സർവീസസ്

ഗോവയിൽ ടാക്സിട്രാക്കും ഡിസ്പേഴ്സൽ ഏറിയായും ഏർപ്പെടുത്തുവാൻ ദർഘാസ് ഇഷ്യൂചെയ്യുന്നതിനു ചീഫ് എൻജിനീയർ, കൊച്ചിൻ സോൺ, നേവൽ ബേസ് പോസ്റ്റ്, കൊച്ചി-682 004 എന്നവർ 8-7-85 വരെ അപേക്ഷകൾ ക്ഷണിക്കുന്നു. അടങ്കൽതുക: രൂ. 226.15 ലക്ഷം. നിരതദ്രവ്യം: രൂ. 70,000. വിശദവിവരങ്ങൾക്ക് 26-6-85-ലെ ഇന്ത്യൻ ട്രേഡ് ജേർണൽ നോക്കുക.
ഡിഎവിപി 683(526)85 10530

C 3-4682/84/CNR

പരസ്യം

1985 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് എന്നീ മാസങ്ങളിൽ KSRTC വക വാഹനങ്ങളിൽനിന്നും ഉടമസ്ഥരില്ലാതെ കിട്ടിയിട്ടുള്ളതും ഇതുവരെ ആരും അവകാശപ്പെടാത്തതുമായ സാധനങ്ങൾ 1985 ജൂലൈമാസം 10-ാംനു ബുധനാഴ്ച പകൽ മൂന്നു മണിക്ക് ഓഫീസ് പരിസരത്തുവെച്ചു പരസ്യമായി ലേലംചെയ്യുന്നതും തുക കോർപ്പറേഷനിലേയ്ക്ക് മുതൽകൂട്ടുന്നതുമാണെന്ന് ഇതിനാൽ പരസ്യപ്പെടുത്തിക്കൊള്ളുന്നു.

വിശദവിവരങ്ങൾ ഓഫീസിൽനിന്നും അറിയാവുന്നതാണ്.

(ഒപ്പ്)
ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസർ,
കണ്ണൂർ,
21-6-1985. സി 1424

മേഖലാ പ്രസംഗകലാ ക്യാമ്പ് ഞായറാഴ്ച മലമ്പുഴയിൽ

പാലക്കാട്: അഖില കേരള ബാലജനസഖ്യം ഉത്തര മേഖലാപ്രസംഗ കലാക്യാമ്പ് ഞായറാഴ്ച മലമ്പുഴ പിക്നിക് ഹാളിൽ നടക്കും.

പാലക്കാട് യൂണിയന്റെ ആതിഥേയത്വത്തിൽ നടക്കുന്ന ഈ ക്യാമ്പ് കാലത്തു പത്തുമണിക്കു സിമൻറ്സ് ചെയർമാൻ എ. കെ. കെ. നമ്പ്യാർ ഉദ്ഘാടനംചെയ്യും. മേഖലാ പ്രസിഡൻറ് ടി. കെ. രമ അധ്യക്ഷയായിരിക്കും. സംസ്ഥാന വൈസ് പ്രസിഡൻറ് ഫിന്നി സ്റ്റീഫൻ സാമുവൽ, മനോരമ പാലക്കാട് ബ്യൂറോ ചീഫ് പുത്തൂർ മുഹമ്മദ് എന്നിവർ ആശംസാ പ്രസംഗം നടത്തും. മേഖലാ സെക്രട്ടറി കെ. എം. രാജീവ് സ്വാഗതം പറയും.

തുടർന്നു 11 മണിക്കു 'പ്രസംഗം ഒരു ആസ്വാദന കല' എന്ന വിഷയത്തെപറ്റി പ്രശസ്ത സാഹിത്യകാരനായ ...ശാഖൻ ക്ലാസെടുക്കും. പന്ത്രണ്ടരാണിക്കു കാർട്ടൂൺ ക്വിസ് മൽസരം ആണ്.

ഉച്ചഭക്ഷണത്തിനുശേഷം രണ്ടു മണിക്കു പ്രശസ്ത നാടക സംവിധായകനായ കാളിദാസ് പുതുമന ''എങ്ങനെ നല്ല പ്രസംഗകൻ ആകാം?'' എന്നതിനെപറ്റി ക്ലാസെടുക്കും. മൂന്നുമണിമുതൽ പ്രസംഗ മൽസരമായിരിക്കും.

വൈകിട്ട് നാലരയ്ക്കു ശങ്കരചേട്ടന്റെ പ്രതിനിധി ധർമരാജ് കാളൂരിന്റെ അധ്യക്ഷതയിൽ ചേരുന്ന സമാപന സമ്മേളനത്തിൽ മുഖ്യാതിഥി പോലീസ് സൂപ്രണ്ട് വി. ആർ. രാജീവ് സമ്മാനദാനം നിർവഹിക്കും. സംസ്ഥാന ജനറൽ സെക്രട്ടറി രമേശ് രാജഗോപാലിന്റെ കൃതജ്ഞതയോടെ ക്യാമ്പ് സമാപിക്കും.

ക്യാമ്പിനു തുടക്കം കുറിച്ചുകൊണ്ടു സഖ്യം പാലക്കാട് യൂണിയൻ രക്ഷാധികാരി കൃഷ്ണൻ കാര്യാട്ട് കാലത്തു 9.30-നു പതാക ഉയർത്തും. ക്യാമ്പംഗങ്ങളും ഒമ്പതുമണിക്കുതന്നെ എത്തി പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷ അയച്ച സഖ്യാംഗങ്ങളായ എല്ലാവർക്കും പ്രവേശന കാർഡ് അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ കാർഡ് കിട്ടാത്ത സഖ്യാംഗങ്ങളും നേരത്തെ അപേക്ഷിച്ചിട്ടുണ്ടെങ്കിൽഅവർക്കു പ്രവേശനം നൽകുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ടിട്ടും വരാതിരിക്കുന്നതു മററംഗങ്ങളുടെ അവസരം നഷ്ടപ്പെടുത്തലാകുമെന്നതിനാൽ ഏതു വിധേനയും എത്തിച്ചേരേണ്ടതാണ്.

പ്രസംഗ മൽസരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്കും ഏററവും സജീവമായി ക്യാമ്പിൽ പങ്കെടുക്കുന്ന അംഗത്തിനും സമ്മാനം നൽകുന്നതായിരിക്കും. ഫയൽ, പേപ്പർ, പേന എന്നിവ ക്യാമ്പ് സംഘാടകർ ഒരുക്കിയിട്ടുണ്ട്. ഭക്ഷണം സൗജന്യമായിരിക്കും. പ്രവേശന ഫീസ് ഇല്ല.

വടക്കുനിന്നു വരുന്നവർക്കു 'മംഗലാപുരം-മദ്രാസ് വെസ്റ്റ്കോസ്റ്റ് എക്സ്പ്രസിനു വന്നാൽ പുലർച്ചെ പാലക്കാട് ജങ്ഷനിൽ ഇറങ്ങാം. അവിടെനിന്നു മലമ്പുഴയ്ക്കു ബസ് കിട്ടും.

സഖ്യം ഡയറി

ജൂൺ 29

കോഴിക്കോട് കൊട്ടാരം റോഡ് ഐ. വൈ. എ. ഹാൾ: സഖ്യം കോഴിക്കോട് യൂണിയൻ യോഗം-10-മണി.

സന്ദേശ് സംഖ്യം

ചെറുപുഴ: സന്ദേശ് സഖ്യം നിർധനരായ ഏഴുതാനും വിദ്യാർഥികൾക്കു പഠനോപകരണങ്ങളും നൽകി. സന്ദേശ് തമ്പാന്റെ അധ്യക്ഷതയിൽ പി. പി. ജോർജ് ആണ് വിതരണം നിർവഹിച്ചത്. പി. ഇ. മോഹനൻ സ്വാഗതവും ടി. ജെ. ഷാജി നന്ദിയും പറഞ്ഞു.



കോഴിക്കോട് തിരുവണ്ണൂർ അനശ്വരസഖ്യം ജില്ലാതലത്തിൽ നടത്തിയ ഷട്ടിൽ ടൂർണമെൻറിൽ ജേതാക്കളായ ഭാരത് സ്പോർട്സ് ക്ലബിന്റെ ക്യാപ്റ്റൻ എ. നൗഷാദിന് അഡ്വ. തോമസ് മാത്യു മെഡൽ സമ്മാനിക്കുന്നു.

'സരിഗ' സഖ്യം ഉദ്ഘാടനം ഞായറാഴ്ച

അരീക്കോട്: ഇവിടെ രൂപവൽക്കരിച്ച 'സരിഗ', ബാലജന സഖ്യത്തിന്റെ ഔപചാരികമായ ഉദ്ഘാടനം അരീക്കോട് ജി. എം. യു. പി. സ്കൂളിൽ ഞായറാഴ്ച മൂന്നുമണിക്കു കാലിക്കററ് യൂണിവേഴ്സിററി സിൻഡിക്കേററ് മെംബർ എൻ. വി. ഇബ്രാഹിം നിർവഹിക്കും.

ഡോ. പി. ടി. സുകുമാരൻ അധ്യക്ഷനായിരിക്കും. റിട്ട. എഡ്യു. ഡപ്യൂട്ടി ഡയറക്ടർ വി. കെ. സി. നാരായണൻനമ്പൂതിരി, ഫാറൂഖ് കോളജ് ലക്ചറർ കെ. ഇസ്മാഈൽ എന്നിവർ ആശംസാ പ്രസംഗം നടത്തും. ടൗണിലെ മൂന്നു വിദ്യാലയങ്ങളിൽനിന്നു തെരഞ്ഞെടുത്ത പാവപ്പെട്ട വിദ്യാർഥികൾക്കു തദവസരത്തിൽ സഖ്യം വകയായി പാഠപുസ്തകങ്ങളും വിതരണം ചെയ്യുന്നതായിരിക്കും.

സ്വർണ മെഡൽ നേടുക

കോഴിക്കോട്: അഖിലകേരള ബാലജനസഖ്യം ഉത്തരമേഖലാ കമ്മിററി എസ്. എസ്. എൽ. സി.ക്കു മേഖലയിൽ ഏററവും കൂടുതൽ മാർക്ക് വാങ്ങുന്ന സഖ്യാംഗത്തിനു നൽകി വരുന്ന സ്വർണ മെഡലിന് അപേക്ഷ ക്ഷണിച്ചിരിക്കുന്നു.

മൊത്തം 560-ൽ കൂടുതൽ മാർക്ക് നേടിയവർ അപേക്ഷിച്ചാൽ മതി. മാർക്ക് ലിസ്റ്റിന്റെ പകർപ്പ് സ്കൂളം അധികൃതർ സാക്ഷ്യപ്പെടുത്തിയത് അപേക്ഷയോടൊപ്പം അയക്കണം. പഠിച്ച സ്കൂളിന്റേയും അംഗമായ സഖ്യത്തിന്റേയും പേർ തുടങ്ങിയവ വ്യക്തമാക്കിക്കൊണ്ടുള്ള അപേക്ഷ, സഹകാരിയുടെ ഒപ്പോടുകൂടി ശങ്കരച്ചേട്ടൻ, മലയാള മനോരമ, കോഴിക്കോട്-1 എന്ന വിലാസത്തിൽ ജൂലൈ 10-നു മുമ്പ് അയക്കണം.

ഭരണഘടന പുതുക്കി

കോട്ടയം: അഖില കേരള ബാലജനസഖ്യത്തിന്റെ ഭരണഘടനപുതുക്കി.

മേഖലാ പ്രസിഡൻറ്, സെക്രട്ടറി, കേന്ദ്രസമിതി അംഗം എന്നീ സ്ഥാനങ്ങളിലേയ്ക്കു മൽസരിക്കുന്നവർ രണ്ടു വർഷമെങ്കിലു സഖ്യത്തിൽ പ്രവർത്തന പരിചയമുള്ളവരായിരിക്കണമെന്നു പുതുക്കിയ ഭരണഘടനയിൽ വ്യവസ്ഥയുണ്ട്.

മേഖലാ തെരഞ്ഞെടുപ്പിൽ ഒരാൾക്കു മൂന്നു സ്ഥാനത്തേയ്ക്കു നാമനിർദ്ദേശപത്രിക സമർപ്പിക്കാം. എന്നാൽ ഒരു സ്ഥാനത്തേയ്ക്കു പരമാവധി മൂന്നു പത്രികകളേ സമർപ്പിക്കുവാൻ പാടുള്ള എന്നതാണ് പുതുക്കിയ ഭരണഘടനയിലെ വ്യവസ്ഥ.

ശാഖാ സമ്മേളനത്തിൽ ശാഖാ പ്രസിഡൻറുമാരും യൂണിയനിൽ യൂണിയൻ പ്രസിഡൻറും മേഖലയിൽ മേഖലാ പ്രസിഡൻറും കേന്ദ്രത്തിൽ സംസ്ഥാന പ്രസിഡൻറും അധ്യക്ഷത വഹിക്കണം. ഇവരുടെ അഭാവത്തിൽ യഥാക്രമം വൈസ് പ്രസിഡൻറുമാരാണ് അധ്യക്ഷത വഹിക്കേണ്ടത്.

യൂണിയൻ പ്രവർത്തക സമിതിയിൽ ബാലികാ വിഭാഗം കൺവീനർമാർ ഉണ്ടായിരിക്കണം. അവരിൽ നിന്ന് ഒരാളെ മേഖലാ ബാലികാവിഭാഗം കൺവീനറായി ശങ്കരച്ചേട്ടൻ നോമിനേററു ചെയ്യും.

ബാലികാ വിഭാഗം കൺവീനർമാർ ഇല്ലാത്ത യൂണിയനുകളിൽ അവരെ നോമിനേററ് ചെയ്ത വിവരം ജൂലൈ അഞ്ചിനുമുമ്പ് ശങ്കരച്ചേട്ടനെ അറിയിക്കേണ്ടതാണ്.

അവാർഡ് നൽകും

മൈക്കാവ്: ബാലജനസഖ്യം പുതുപ്പാടി യൂണിയൻ ഇക്കഴിഞ്ഞ എസ്. എസ്.എൽ.സി. പരീക്ഷക്കു യൂണിയനിൽ ഏററവും കൂടുതൽ മാർക്കു വാങ്ങിയ സഖ്യാംഗത്തിനു അവാർഡ് നൽകുന്നതാണ്. 542 മാർക്കിൽ കൂടുതൽ ഉള്ളവർ അപേക്ഷിച്ചാൽ മതി. സ്കൂൾ/കോളജ് അധികൃതർ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റ് സഹകാരിയുടെ സാക്ഷ്യ പത്രത്തോടൊപ്പം ജൂലൈ അഞ്ചിനു മുമ്പ് ബേബി ജേക്കബ്, ടീച്ചർ, ഹോളിഫാമിലി ഹൈസ്കൂൾ, വേനപ്പാറ-673 572 എന്ന വിലാസത്തിൽ അയക്കണമെന്നു രക്ഷാധികാരി ജേക്കബ് കുററിയിൽ അറിയിച്ചു.

കലാമൽസരം

കോഴിക്കോട്: കാരപ്പറമ്പ് പുഞ്ചിരി സഖ്യം സംഘടിപ്പിച്ച കലാ മൽസരങ്ങളും അഡ്വ. തോമസ് മാത്യു ഉദ്ഘാടനം ചെയ്തു. പ്രസിഡൻറ് എം. കെ. ജനീഷ്കുമാർ ആധ്യക്ഷ്യം വഹിച്ചു. മുൻ സംസ്ഥാന വൈസ് പ്രസിഡൻറ് പി. വി. ജലീൽ, യൂണിയൻ പ്രസിഡൻറ് കെ. സീന എന്നിവർ പ്രസംഗിച്ചു. സഹകാരി പി. വി. മോഹൻദാസ് സ്വാഗതവും യൂണിയൻ സെക്രട്ടറി കെ. പി. പ്രമോദ് നന്ദിയും പറഞ്ഞു.

ശ്രീകുമാറും ഗണേശനും ജേതാക്കൾ

കോഴിക്കോട്: ബാലജനസഖ്യം കോഴിക്കോട് യൂണിയൻ തലത്തിൽ രാരിച്ചൻ റോഡ് കെ. എസ്. എ. സി. ബാലജനസഖ്യം സംഘടിപ്പിച്ച ലളിതഗാന മൽസരത്തിൽ മലാപ്പറമ്പ് സഹൃദയ സഖ്യത്തിലെ എം. ശ്രീകുമാറും തിരുവണ്ണൂർ അനശ്വര സഖ്യത്തിലെ പി. എസ്. ഗണേശനും യഥാക്രമം സീനിയർ, ജൂനിയർ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം നേടി.

രണ്ടും മൂന്നും സമ്മാനങ്ങളും സീനിയർ വിഭാഗത്തിൽ പി. കെ. വിജയൻ (താര, പെരുമണ്ണ), ഷാജിൽ കെ. രാജ് (സഹൃദയ, മലാപ്പറമ്പ്) എന്നിവർ നേടിയപ്പോൾ ജൂനിയർ വിഭാഗത്തിൽ ടി. പി. പ്രീത, പി. കെ. ശ്രീലത (താര, പെരുമണ്ണ), എന്നിവരാണ് കരസ്ഥമാക്കിയത്. സീനിയർ വിഭാഗത്തിൽ സി. ബിന്ദു (കെ. എസ്. എ. സി.), പി. പ്രകാശ് (ശിവജി കന്നമംഗലം) എന്നിവരും ജൂനിയർ വിഭാഗത്തിൽ ടി. ബീന (കെ. എസ്. എ. സി.) എം. ഷീബ (സഹൃദയ) എന്നിവരും പ്രോൽസാഹന സമ്മാനങ്ങൾക്കർഹരായി.

മൽസര പരിപാടിയുടെ ഉദ്ഘാടനം മുൻ സഖ്യാംഗവും പിന്നണി ഗായകനുമായ വി. ടി. മുരളി നിർവഹിച്ചു. യൂണിയൻ പ്രസിഡൻറ് കെ. സീന ആധ്യക്ഷ്യം വഹിച്ചു.

യൂണിയൻ കലാവിഭാഗം കൺവീനർ വി. അജീഷ് ബാബു സ്വാഗതവും ബാലികാവിഭാഗം കൺവീനർ യു. ദീപ നന്ദിയും പറഞ്ഞു. ബീന, ലത എന്നിവരുടെ പ്രാർഥനാഗാനത്തോടുകൂടിയാണ് പരിപാടികൾ ആരംഭിച്ചത്.

സമാപന യോഗത്തിൽ മുൻ സഖ്യാംഗവും ഗായകനുമായ ഡോ. ടി. സേതുമാധവൻ സമ്മാനദാനം നിർവഹിച്ചു. അഡ്വ. തോമസ് മാത്യു അധ്യക്ഷനായിരുന്നു. സഖ്യം ഉത്തര മേഖലാ വൈസ് പ്രസിഡൻറ് എം. എ. മെഹബൂബ് സ്വാഗതവും യൂണിയൻ സെക്രട്ടറി കെ. പി. പ്രമോദ് നന്ദിയും പറഞ്ഞു.

ബാലജനസഖ്യം കോഴിക്കോട് യൂണിയൻതലത്തിൽ നടത്തിയ ലളിത ഗാനമൽസരത്തിൽ (ജൂനിയർ) ഒന്നാം സ്ഥാനം നേടിയ തിരുവണ്ണൂർ അനശ്വര സഖ്യാംഗം പി. എസ്. ഗണേശ്.

ബാലജനസഖ്യം തലശ്ശേരി യൂണിയൻ പ്രസംഗപരിശീലന ക്യാമ്പിൽ പ്രമുഖ ബാലസാഹിത്യകാരനായ ടി. കെ. ഡി. മുഴപ്പിലങ്ങാട് ക്ലാസെടുക്കുന്നു. വലത്തുനിന്ന്: സാഹിത്യകാരനായ കെ. തായാട്ട്, യൂണിയൻ രക്ഷാധികാരി ടി. പി. ആർ. നാഥ്, എടത്തിൽ ബാലകൃഷ്ണൻ എന്നിവർ.

വനവൽക്കരണം ആചരിക്കുന്നു

പേരാമ്പ്ര: കരിന്തോറ പുലരി ബാലജനസഖ്യം ജൂലൈ വനവൽക്കരണ മാസമായി ആചരിക്കാൻ തീരുമാനിച്ചു. അയ്യായിരം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനാണ് പരിപാടി. വന നശീകരണത്തിനെതിരേ പ്രചാരണം നടത്തുകയും ചെയ്യും.

പ്രസിഡൻറ് എ. കെ. ജയപ്രകാശിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽവച്ച് ഹൗസുകളുടെ പത്രികകൾ പ്രകാശനം ചെയ്തു. കെ. രവീന്ദ്രൻ, കെ. ടി. പത്മനാഭൻനായർ, എൻ. രവീന്ദ്രൻ എന്നിവർ പ്രസംഗിച്ചു. ടി. ഹരിദാസൻ സ്വാഗതവും കെ. സുരേഷ്കുമാർ നന്ദിയും പറഞ്ഞു. സഖ്യം അഭ്യുദയ കാംക്ഷിയായിരുന്ന കെ. വാസുവിന്റെ നിര്യാണത്തിൽ അനുശോചിക്കുകയും വാസുവിന്റെ രണ്ടു കുട്ടികളുടേയും വിദ്യാഭ്യാസ ചെലവുകൾ ഏറെറടുക്കാൻ തീരുമാനിക്കുകയും ചെയ്തു.

വിനോദയാത്ര

കൽപ്പററ: എമിലിയിലെ പുലരി സഖ്യാംഗങ്ങൾ കുട്ടമുണ്ട കണ്ണാടിക്ഷേത്രം, പൂക്കോട്ടുചിറ എന്നിവിടങ്ങളിലേയ്ക്കു വിനോദയാത്ര നടത്തി. കെ. എ. അബ്ബാസ്, ഇ. എ. അരുന്ധതി എന്നിവർ നേതൃത്വം നൽകി.

അനുമോദനം

തിരുവണ്ണൂർ: സഖ്യം കോഴിക്കോട് യൂണിയൻ ബാലികാ വിഭാഗം കൺവീനറായി തെരഞ്ഞെടുക്കപ്പെട്ട യു. ദീപയേയും യൂണിയൻ തലത്തിൽ നടന്ന ലളിത ഗാന മൽസരത്തിൽ ജൂനിയർ വിഭാഗത്തിൽ ഒന്നാം സമ്മാനം നേടിയ പി. എസ്. ഗണേശനേയും പന്നിയങ്കര ബാലജന സഖ്യാംഗങ്ങളും അനുമോദിച്ചു. പ്രസിഡൻറ് ഒ. സന്തോഷ്കുമാർ ആധ്യക്ഷ്യം വഹിച്ചു. എസ്. എസ്. എൽ. സി. പരീക്ഷയിൽ മികച്ച മാർക്ക് വാങ്ങിയ സഖ്യാംഗം കെ. ആർ. ശ്രീരാമനു സഖ്യം വക സമ്മാനം പ്രൊഫ. കെ. എം. സുബ്രഹ്മണ്യം നമ്പൂതിരിപ്പാട് നൽകി. ടി. ആർ. സുദർശനൻ, വി. പി. ശിവദാസൻ, പി. മീനാക്ഷി എന്നിവർ പ്രസംഗിച്ചു. വി. പി. കൃഷ്ണകുമാർ നന്ദി പറഞ്ഞു.

ഡാൻസ് ക്ലാസ്

നടുണ്ണി: തരംഗിണി ബാലജന സഖ്യം ജൂലൈ ആദ്യ വാരത്തിൽ നൃത്ത പരിശീലന ക്ലാസ് ആരംഭിക്കുന്നു. സഖ്യാംഗങ്ങളല്ലാത്തവർക്കും പ്രവേശനം നൽകും. ചേരാൻ ആഗ്രഹിക്കുന്നവർ കെ. ഐ. വിഷ്ണു നമ്പൂതിരി (രചനാ ആർട്സ്) യുമായി ബന്ധപ്പെടണമെന്നു സെക്രട്ടറി എം. സി. വിനോദ്കുമാർ അറിയിച്ചു.

പ്രശാന്തി സഖ്യം

മട്ടന്നൂർ: വെള്ളിയാംപറമ്പിൽ സൈ്വര ജീവിതം അസാധ്യമാക്കുന്ന മദ്യപ വിളയാട്ടം തടയാൻ അധികൃതർ തയ്യാറാകണമെന്നു പ്രശാന്തി ബാലജനസഖ്യം യോഗം ആവശ്യപ്പെട്ടു. പ്രസിഡൻറ് കെ. കെ. സജീവൻ ആധ്യക്ഷ്യം വഹിച്ചു. സഹകാരി പി. വസന്തകുമാരി, കെ. രവീന്ദ്രൻ, സി. മുകുന്ദൻ, കെ. രാജൻ, സഖ്യം തലശ്ശേരി യൂണിയൻ ജോ. സെക്രട്ടറി സി. ബാബുരാജ്, കെ. ശ്രീധരൻ എന്നിവർ പ്രസംഗിച്ചു. വൈസ് പ്രസിഡൻറ് കെ. സുരേന്ദ്രൻ സ്വാഗതവും സെക്രട്ടറി കെ. പവിത്രൻ നന്ദിയും പറഞ്ഞു.

സൂര്യസഖ്യം

കൽമണ്ഡപം: രണ്ടു ദരിദ്ര വിദ്യാർഥികൾക്ക് ഈ അധ്യയന വർഷം ആവശ്യമായ മുഴുവൻ പഠനോപകരണങ്ങളും നൽകാൻ എടത്തെരുവ് സൂര്യ സഖ്യം തീരുമാനിച്ചു. എ. അബ്ദുൽ നാസർ, എൻ. ദയാനന്ദൻ എന്നിവർ പ്രസംഗിച്ചു.

പരിയാരത്ത് സഖ്യം ശാഖ

തളിപ്പറമ്പ്: ബാലജനസഖ്യം തളിപ്പറമ്പ് യൂണിയന്റെ കീഴിൽ പരിയാരത്തു 'പുലരി' ശാഖ രൂപവൽക്കരിച്ചു. യൂണിയൻ രക്ഷാധികാരി പി. വി. പ്രേമൻ യോഗം ഉദ്ഘാടനം ചെയ്തു. മുഖ്യ സഹകാരി കെ. പി. വേണുഗോപാലൻ അധ്യക്ഷത വഹിച്ചു.

ഭാരവാഹികളായി എം. കെ. മധു-പ്രസിഡൻറ്, പി. കെ. സന്തോഷ്കുമാർ, പി. കെ. സുധാകരൻ-വൈസ് പ്രസിഡൻറുമാർ, എം. പി. വേണുഗോപാലൻ — സെക്രട്ടറി, പി. കെ. രഞ്ജിത്, ഇ. കെ. രമേഷ് ബാബു-ജോ. സെക്രട്ടറിമാർ, കെ. പി. പത്മനാഭൻ-ട്രഷറർ. കൺവീനർമാർ: കെ. ജി. ജോസി-കല, ജി. രാജവിക്രമൻ-കായികം, മുഖ്യസഹകാരി: കെ. പി. വേണുഗോപാൽ.

ഉദയ സഖ്യം

പറളി: ഉദയ സഖ്യം ജൂലൈ അംഗത്വ മാസമായി ആചരിക്കാൻ തീരുമാനിച്ചു. അംഗമാകാൻ ആഗ്രഹിക്കുന്നവർ ജൂലൈ ഏഴിന് ഉച്ചയ്ക്കു ശേഷം മൂന്നു മണിക്ക് കിണാവല്ലൂർ വെസ്റ്റിലുള്ള ഉദയാ വായനശാലയിൽ എത്തണം.

ഒന്നാം സ്ഥാനം ലഭിച്ചവർക്ക് പങ്കെടുക്കാം

കോഴിക്കോട്: അഖില കേരള ബാലജന സഖ്യം സംസ്ഥാന കലോൽസവത്തിൽ മേഖലാതലത്തിൽ ഒന്നാം സ്ഥാനം നേടിയവരെ മാത്രമേ പങ്കെടുപ്പിക്കുകയുള്ളു. (കഴിഞ്ഞ പംക്തിയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്കു മൽസരിക്കാം എന്നെഴുതിയതു ശരിയല്ല). ഒന്നാം സ്ഥാനം നേടിയവർ ഏതെങ്കിലും കാരണവശാൽ പങ്കെടുക്കുന്നില്ലെങ്കിൽ രണ്ടാം സ്ഥാനക്കാർക്ക് അവസരം നൽകുന്നതായിരിക്കും.

എന്നാൽ മേഖലാ കലോൽസവത്തിൽ യൂണിയൻ തലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയവരെ പങ്കെടുപ്പിക്കുന്നതായിരിക്കും.

ശാന്തി സഖ്യം ക്യാമ്പ് മാററിവച്ചു

പുലാപ്പററ: ശാന്തി ബാലജന സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ നാളെ ഉമ്മനഴി എൽ. പി. സ്കൂളിൽ നടത്താൻ നിശ്ചയിച്ച പ്രവർത്തക ക്യാമ്പ് മാററിവച്ചതായി സഹകാരി കെ. പി. എ. റഷീദ് അറിയിച്ചു.

അലിഫ് സഖ്യം

ചന്തക്കുന്ന്: നാളെയും മററന്നാളുമായി അലിഫ ബാലജനസഖ്യം അപ്പൻകാപ്പ് കോളനിയിൽ നടത്താൻ നിശ്ചയിച്ച ക്യാമ്പ് മാററിവച്ചതായി പ്രോഗ്രാം കൺവീനർ എം. അബ്ദുൽ സലാം അറിയിച്ചു.

യാത്രയയപ്പ്

തലശ്ശേരി: ജോലി ലഭിച്ച തിരുവനന്തപുരത്തേയ്ക്കു പോകുന്ന ജവാഹർ സഖ്യം വൈസ് പ്രസിഡൻറ് വി. ആനന്ദകൃഷ്ണനു സഖ്യം പ്രവർത്തകർ യാത്രയയപ്പു നൽകി. പ്രസിഡൻറ് സി. വി. ജിതേഷ് ആധ്യക്ഷ്യം വഹിച്ചു. മുൻ യൂണിയൻ സെക്രട്ടറി വി. കെ. ജയന്തൻ, സി. കെ. രാജശേഖരൻ, പി. കെ. സുധീർകുമാർ, കാവിൽ ബാബു എന്നിവർ ആശംസകളർപ്പിച്ചു. പി. വി. മഹേഷ് ഉപഹാരംസമ്മാനിച്ചു. സി. കെ. ജസീന സ്വാഗതവും ടി. കെ. രഘുനാഥ് നന്ദിയും പറഞ്ഞു.

ഇപ്പോൾ-ഇവിടെ !

കേരളത്തിലെവിടെയും അനായാസമായി യാത്ര ചെയ്യുവാൻ നിർമ്മിക്കപ്പെട്ട അന്താരാഷ്ട്രനിലവാരമുള്ള ഒരു വാഹനം

മാരുതി ജിപ്സി 4WD

4-വീൽ ഡ്രൈവ് MJ-410

ദൃഢം·സുന്ദരം·ഗംഭീരം

കേരളത്തിലെ നിരത്തുകൾ എങ്ങിനെയുള്ളവയാണെന്ന് നിങ്ങൾക്കറിയാം. പക്ഷെ മാരുതി ജിപ്സി 4-വീൽ ഡ്രൈവ് എങ്ങിനെയുള്ളതാണെന്ന് നിങ്ങൾക്കറിഞ്ഞുകൂടാ.

ജിപ്സിയെ പരിചയപ്പെടുക

ഇതിന് ഒതുക്കമുണ്ട്. ഭംഗിയുണ്ട്. ഇതു ഡ്രൈവുചെയ്യുന്നതു് ഒരു സുഖമാണ്. സ്വന്തമാക്കുന്നതു് അതിസന്തോഷപ്രദവും. ഇതിൽ എട്ടു് യാത്രക്കാർക്കിരിക്കാം, മാരുതി ജിപ്സി പെട്രോൾ കൊണ്ടോടുന്ന, നാലു സിലിണ്ടറുള്ള ഒരു 4-വീൽ വാഹനമാണ്. ഒരു ലിററിന് 14 കിലോമീററർ കിട്ടും, അതും പോരെങ്കിൽ ഇതിന്റെ ശക്തമായ സസ്പെൻഷൻ സിസ്റ്റവും 230 മി. മി ഗ്രൗണ്ട് ക്ലീയറൻസും കാരണം ഏതു ചാട്ടമുള്ള നിരത്തുകളും, നിരപ്പില്ലാത്ത ഇടങ്ങളും തരണം ചെയ്യുന്നതു് ഒരു പ്രശ്നമേയല്ല.



ജിപ്സിയെപ്പററി കൂടുതൽ :

ഒരു 970 cc എഞ്ചിൻ-ശക്തവും, എന്നാൽ ഭാരം കുറഞ്ഞതും. നിയന്ത്രണത്തിനു് സിംക്രോമെഷ് ഗിയറുകളും, ഡിസ്ക് ബ്രേക്കുകളും— ഇവയെല്ലാം കഠിനമായ പ്രദേശങ്ങളിൽ ഡ്രൈവ് ചെയ്യുന്നതിനു് കൂടുതൽ സുഗമമാക്കുന്നു. ഇതിന്റെ ടേണിംഗ് റേഡിയസ് കുറവാണ്(5·7m)-തന്മൂലം ഇതു് തിരിക്കുന്നതും നിയന്ത്രിക്കുന്നതും എളുപ്പമാണ്. ഇതിന്റെ സീററുകൾ പ്രത്യേക രീതിയിൽ ഡിസൈൻ ചെയ്തിട്ടുള്ളവയാണ്; തന്മൂലം ചാട്ടമുള്ള റോഡുകളാകട്ടെ, നീണ്ടയാത്രയാകട്ടെ, ഇരിപ്പ സുഖപ്രദമാണ്. മാരുതി ജിപ്സി 4-വീൽ ഡ്രൈവ് പരമാവധി ഇടതു/വലതു സ്ഥൈര്യം നൽകുന്നു. അതെ, മാരുതി ജിപ്സി, സുസുക്കി ടെക്നോളജിയുടെ അത്ഭുതകരമായ ഒരു നേട്ടമാണ്.



POPULAR VEHICLES AND SERVICES LTD.

അധികൃത വ്യാപാരികൾ :
പോപ്പുലർ വെഹിക്കിൾസ് & സർവീസസ് ലിമിററഡ്

തിരുവനന്തപുരം കുററുകാരൻ കോംപ്ലെക്സ്, കിള്ളിപ്പാലം, തിരുവനന്തപുരം-695 002
ഫോൺ : 4506, 4106
ടെലെക്സ് : 0884-369 AUTO IN

കൊച്ചിൻ ബാനർജി റോഡ്, കൊച്ചി-682 031
ഫോൺ : 30815, 30633, 30861, 30864
ടെലെക്സ് : 0885-265 AUTO IN

തൃശ്ശൂർ ഫോൺ : 20106.

ART-4047 ML

മാരുതി ജിപ്സി-നാട്ടിൻ പുറത്തിനു വേണ്ടി പിറന്നു. നഗരത്തിനു വേണ്ടി വളർന്നു.

ബുക്കിംഗ് സെൻററുകൾ:

കാസർകോട്: അൽഡിയ ഹോട്ടൽ, കാഞ്ഞങ്ങാട്: അഷ്റഫ് ഫാബ്രിക്സ്, പയ്യന്നൂർ: നാഷനൽ റേഡിയോ ഇലക്ട്രോണിക് കമ്പനി, തളിപ്പറമ്പ്: നാഷനൽ റേഡിയോ ഇലക്ട്രോണിക് കമ്പനി, കണ്ണൂർ: ജയശ്രീ ട്രാൻസ്പോർട്ട്സ്/നാഷനൽ റേഡിയോ ഇലക്ട്രോണിക് കമ്പനി, തലശ്ശേരി: ജമിനി ഓട്ടോമൊബൈൽസ്/അലിയാരപുറത്തു കുഞ്ഞഹമ്മദുകുട്ടി, നൗഷദ് മാൻസിൽ. കോഴിക്കോട്: പോപ്പുലർ ഓട്ടോമൊബൈൽസ്/നാരായണൻ & കമ്പനി, വയനാട് റോഡ്/സിറ്റി പെട്രോൾ, ഭാരത് പെട്രോളിയം, വെസ്റ്റ് ഹിൽ. മാനന്തവാടി: സദാനന്ദ ടെക്സ്റ്റൈൽസ്, കല്പറ്റ: വിജയമന്ദിരം എസ്റ്റേറ്റ്, സു. ബത്തേരി: കക്കാടൻസ് ഫില്ലിംഗ് സ്റ്റേഷൻ, താമരശ്ശേരി: പി. വി. മൊയ്ദീൻ, ഹിൽ പ്രൊഡ്യൂസ് മർച്ചൻറ്, നിലമ്പൂർ: ജോൺസൺ മെഡിക്കൽ സ്റ്റോഴ്സ്, പാലസ് റോഡ്, മഞ്ചേരി: റാണി ഏജൻസീസ്/ഇന്ത്യൻ ഓയിൽ പമ്പ്, മലപ്പുറം: മലപ്പുറം ഓട്ടോമൊബൈൽസ്, പെരിന്തൽമണ്ണ: ജോർജ്ജ് പൊട്ടംകുളം, റബർ ഡീലർ, മണ്ണാർക്കാട്: ജി.പി.സി. ടൂറിസ്റ്റ് ഹോം, പാലക്കാട്: രാധാകൃഷ്ണൻ & കമ്പനി, പെട്രോൾ പമ്പ്, ബസ് സ്റ്റാൻഡിന് എതിർവശം.

DR. PADIAR MEMORIAL HOMOEOPATHIC MEDICAL COLLEGE
Chottanikkara-682 312. ESTD. 1920.
(A linguistic minority institution recognised by the Govt. of Kerala)

ADMISSION NOTICE

Applications are invited for admission to the D.H.M.S. course from candidates with pass in Pre-Degree, 2nd Group (*Physics*, Chemistry and Biology) or equivalent examinations and who have attained 17 years of age on or before 31-12-1985. Application Form can be obtained from the office on payment of Rs. 15/- in cash or by M.O. addressed to the Principal.
Last date of receipt of application in the office is 15-7-1985.

Sd/- DR. S. N. PADIAR
(Principal)

WANTED
Distributors/Dealers

Weldcraft (P) Ltd., a leading manufacturer of Arc Welding Electrodes General Purpose, Special Purpose, Stainless Steel, Cast Iron etc. wishes to appoint distributors/dealers in all districts of Kerala. Products already established as one of the best in the market with approvals from all approving authorities. For details contact:

WELDCRAFT PRIVATE LIMITED
60 & 72, Industrial Suburb,
II Stage, Tumkur Road,
Bangalore-560 022.

നിക്ഷേപ സമാഹരണം 2 ദിവസം കൂടിമാത്രം

30+3 =33% പലിശ

ഷാലിമാർ ഫൈനാൻസിയേഴ്സ്
അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്: പി. ബി. നമ്പർ 217, കോട്ടയം-1, Telex: 888-261

- പ്രത്യേക പലിശനിരക്കിൽ ബാങ്ക് ഗ്യാരൻറിയിൻമേൽ ഡിപ്പോസിററുകൾ സ്വീകരിക്കുന്നു.
- നിക്ഷേപത്തിന്റെ ഈടിന്മേൽ 90% വരെ ലോൺ എടുക്കാവുന്നതാണ്.
- നിക്ഷേപത്തുകയ്ക്ക് സ്വർണ്ണാഭരണങ്ങൾ വാങ്ങുന്നവർക്ക് 2% ഡിസ്കൗണ്ട്.

തിരുവനന്തപുരം-ഓവർ ബ്രിഡ്ജ് ജംഗ്ഷൻ, ഫോൺ: 5565
കൊല്ലം-പ്രസ് ക്ലബ് ബിൽഡിംഗ് ചിന്നക്കട, ഫോൺ: 6441
കോട്ടയം-സെൻട്രൽ ജംഗ്ഷൻ, ഫോൺ: 4843, 2311
എറണാകുളം-എം. ജി. റോഡ്, രവിപുരം, ഫോൺ: 30497
കോഴിക്കോട്- ഭാസ്കർബിൽഡിംഗ് റെഡ്ക്രോസ്റോഡ്, ഫോൺ: 64116
മൂവാററുപുഴ- പോസ്റ്റോഫീസ് ജംഗ്ഷൻ
മാവേലിക്കര- മിച്ചൽ ജംഗ്ഷൻ
കണ്ണൂർ-ഷാൻ ബിൽഡിംഗ് J. S. പോൾസ് കോർണർ എം. എ. റോഡ്, ഫോൺ: 6403
തൊടുപുഴ- ഫസ്ററ്ഫ്ളോർ ജ്യോതി സൂപ്പർ ബസാർ
ബാംഗ്ളൂർ-സെക്കൻഡ് ഫ്ളോർ ഫാരാകൊമേഴ്സ്യൽ കോംപ്ലക്സ്, 75 J. C. റോഡ്
മദ്രാസ്- അപ്പോളോഹോസ്പിററലിനുസമീപം, 152 ഗ്രീംസ്റോഡ്

Nidhiry

FOR OVERSEAS CONTACT: THOMAS JACOB, P.O. BOX 2570 ABUDHABI U. A. E. TEL. 327246

ഞങ്ങളുടെ നെടുമങ്ങാടുശാഖ ഉടൻ പ്രവർത്തനമാരംഭിക്കുന്നു.